ഭാരത സർക്കാർ

നിയമ മന്ത്രാലയം

സത്യമേവ ജയതേ

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ്, 2005

## (2005-ലെ 42-ാം നമ്പർ ആക്റ്റ്)

(2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്നപ്രകാരം)

# THE MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE ACT, 2005

## (ACT NO. 42 OF 2005)

(As on 15th February, 2013)

വില : 34 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത് 2013.

## ആമുഖം

2013 ഫെബ്രുവരി 15-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ്, 2005 (2005-ലെ 42-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2013 ഏപ്രിൽ 4-ാം തീയതിയിലെ ഭാരതത്തിന്റെ അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 1-ാം നമ്പരായി 1 മുതൽ 28 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50-ാം നമ്പർ ആക്റ്റ്)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

പി. കെ. മൽഹോത്ര,
*ഭാരത സർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Mahatma Gandhi National Rural Employment Guarantee Act, 2005 (Act No. 42 of 2005) as on 15th February, 2013 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. 1, No. 1, dated 4th April, 2013 on pages 1 to 28.

This authorised translation was published under the authority of the President of India under clause (a) of Section 2 of the Authoritative Texts (Central Laws) Act, 1973 (Act No. 50 of 1973) and on such publication it became the authoritative text of that Act in Malayalam.

P. K. MALHOTRA,
*Secretary to the Government of India.*

3/2402/2013. S-13

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ്, 2005

(2005-ലെ 42-ാം നമ്പർ ആക്റ്റ്)

**ഉള്ളടക്കം**

അദ്ധ്യായം I

**പ്രാരംഭികം**


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |


അദ്ധ്യായം II

**ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ ഉറപ്പാക്കൽ**


| | | |
|---|---|---|
| 3. | കുടുംബങ്ങൾക്ക് ഗ്രാമീണ തൊഴിൽ ഉറപ്പാക്കൽ | 3 |


അദ്ധ്യായം III

**തൊഴിലുറപ്പാക്കൽ സ്കീമുകളും തൊഴിലില്ലായ്മബത്തയും**


| | | |
|---|---|---|
| 4. | ഗ്രാമപ്രദേശങ്ങൾക്കുള്ള തൊഴിലുറപ്പാക്കൽ സ്കീമുകൾ | 3 |
| 5. | ഉറപ്പാക്കപ്പെട്ട തൊഴിൽ നൽകുന്നതിനുള്ള നിബന്ധനകൾ | 4 |
| 6. | കൂലിനിരക്ക് | 4 |
| 7. | തൊഴിലില്ലായ്മബത്ത നൽകൽ | 4 |
| 8. | ചില സാഹചര്യങ്ങളിൽ തൊഴിലില്ലായ്മബത്ത വിതരണം ചെയ്യാതിരിക്കൽ | 5 |
| 9. | ചില സാഹചര്യങ്ങളിൽ തൊഴിലില്ലായ്മബത്ത ലഭിക്കുന്നതിനുള്ള അനർഹത | 5 |


അദ്ധ്യായം IV

**നടപ്പാക്കുന്നതും നിരീക്ഷിക്കുന്നതുമായ അധികാരസ്ഥാനങ്ങൾ**


| | | |
|---|---|---|
| 10. | കേന്ദ്ര തൊഴിലുറപ്പാക്കൽ കൗൺസിൽ | 6 |
| 11. | കേന്ദ്രകൗൺസിലിന്റെ ചുമതലകളും കർത്തവ്യങ്ങളും | 6 |
| 12. | സംസ്ഥാന തൊഴിലുറപ്പാക്കൽ കൗൺസിൽ | 7 |
| 13. | സ്കീമുകളുടെ ആസൂത്രണത്തിനും നടപ്പാക്കലിനുമുള്ള മുഖ്യ അധികാരസ്ഥാനങ്ങൾ | 8 |

14. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ 8

15. പ്രോഗ്രാം ആഫീസർ 9

16. ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തങ്ങൾ 10

17. ഗ്രാമസഭയാലുള്ള ജോലിയുടെ സോഷ്യൽ ആഡിറ്റ് 11

18. സ്കീം നടപ്പാക്കുന്നതിൽ സംസ്ഥാനസർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ 11

19. സങ്കട നിവാരണ സംവിധാനം 11


## അദ്ധ്യായം V

**ദേശീയ-സംസ്ഥാന തൊഴിലുറപ്പാക്കൽ നിധികൾ രൂപീകരിക്കലും ആഡിറ്റും**


20. ദേശീയ തൊഴിലുറപ്പാക്കൽ നിധി 11

21. സംസ്ഥാന തൊഴിലുറപ്പാക്കൽ നിധി 11

22. നിധി നൽകലിന്റെ രീതി 12

23. സുതാര്യതയും ഉത്തരവാദിത്തവും 12

24. അക്കൗണ്ടുകളുടെ പരിശോധന 13


## അദ്ധ്യായം VI

**പലവക**


25. നടപ്പാക്കാതിരിക്കലിനുള്ള ശിക്ഷ 13

26. പ്രത്യായോജനം ചെയ്യുന്നതിനുള്ള അധികാരം 13

27. നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരം 13

28. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന് 14

29. പട്ടികകൾ ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം 14

30. ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം 14

31. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിനുള്ള അധികാരം 14

32. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള അധികാരം 15

33. ചട്ടങ്ങളും സ്കീമുകളും വയ്ക്കൽ 16

34. വിഷമതകൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം 16

പട്ടിക I 16

പട്ടിക II 22

# [1][മഹാത്മാഗാന്ധി] ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ്, 2005

(2005-ലെ 42-ാം നമ്പർ ആക്റ്റ്)

രാജ്യത്തെ ഗ്രാമപ്രദേശങ്ങളിലെ കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവിദഗ്ധ കൈവേല ചെയ്യുവാൻ സ്വമേധയാ തയ്യാറാകുന്ന പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ കുടുംബത്തിനും ഓരോ സാമ്പത്തിക വർഷത്തിൽ ഏറ്റവും കുറഞ്ഞത് നൂറു ദിവസത്തേക്കുള്ള ഉറപ്പാക്കപ്പെട്ട തൊഴിൽ നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയാറാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

## അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് [2][മഹാത്മാഗാന്ധി] ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ്, 2005 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് [3]**** ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് കേന്ദ്ര സർക്കാർ, ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനംവഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത സംസ്ഥാനങ്ങൾക്കായോ ഒരു സംസ്ഥാനത്തെ വ്യത്യസ്ത പ്രദേശങ്ങൾക്കായോ വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതും, ഈ ആക്റ്റിന്റെ പ്രാരംഭത്തെകുറിച്ച് അങ്ങനെയുള്ള ഏതെങ്കിലും വ്യവസ്ഥയിലെ ഏതെങ്കിലും പരാമർശം, അങ്ങനെയുള്ള സംസ്ഥാനത്തോ, അങ്ങനെയുള്ള പ്രദേശത്തോ, അതതു സംഗതിപോലെ, ആ വ്യവസ്ഥ പ്രാബല്യത്തിൽ വരുന്ന ഒരു പരാമർശമായി അർത്ഥം കല്പിക്കേണ്ടതുമാകുന്നു :

എന്നാൽ ഈ ആക്റ്റ്, ഇത് വ്യാപിക്കുന്ന പ്രദേശം മുഴുവനും, ഈ ആക്റ്റ് നിയമമാക്കപ്പെട്ട തീയതി മുതൽ അഞ്ചു വർഷക്കാലയളവിനുള്ളിൽ, ബാധകമാകുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "പ്രായപൂർത്തിയായ ആൾ" എന്നാൽ പതിനെട്ട് വയസ്സ് പൂർത്തിയാക്കിയ ഒരാൾ എന്നർത്ഥമാകുന്നു;

(ഖ) "അപേക്ഷകൻ" എന്നാൽ സ്കീമിൻകീഴിൽ തൊഴിലിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള ഒരു കുടുംബത്തലവൻ അല്ലെങ്കിൽ കുടുംബത്തിലെ പ്രായപൂർത്തിയായ മറ്റേതെങ്കിലും അംഗങ്ങൾ എന്നർത്ഥമാകുന്നു;

(ഗ) "ബ്ലോക്ക്" എന്നാൽ ഒരുകൂട്ടം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന ഒരു ജില്ലയ്ക്കുള്ളിലെ ഒരു സാമൂഹികവികസനപ്രദേശം എന്നർത്ഥമാകുന്നു;

(ഘ) "കേന്ദ്ര കൗൺസിൽ" എന്നാൽ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപവൽക്കരിക്കപ്പെട്ട കേന്ദ്ര തൊഴിലുറപ്പാക്കൽ കൗൺസിൽ എന്നർത്ഥമാകുന്നു;

(ങ) "ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ" എന്നാൽ 14-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു ജില്ലയിൽ സ്കീം നടപ്പാക്കുന്നതിനുവേണ്ടി അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട സംസ്ഥാന സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

---

1, 2. 2009-ലെ 46-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്.

3. ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ (ജമ്മു-കാശ്മീരിലേക്ക് ദീർഘിപ്പിക്കൽ) ആക്റ്റ്, 2007 പ്രകാരം വിട്ടുകളഞ്ഞു.

(ച) ''കുടുംബം'' എന്നാൽ രക്തത്താലോ വിവാഹത്താലോ ദത്തെടുക്കലാലോ പരസ്പരം ബന്ധമുള്ളതും സാധാരണയായി ഒരുമിച്ചു താമസിക്കുകയും ഭക്ഷണം പങ്ക് വയ്ക്കുകയോ ഒരു പൊതു റേഷൻ കാർഡ് കൈവശം വയ്ക്കുകയോ ചെയ്യുന്ന ഒരു കുടുംബത്തിലെ അംഗങ്ങൾ എന്നർത്ഥമാകുന്നു;

(ഛ) ''നടപ്പാക്കുന്ന ഏജൻസി'' എന്നതിൽ കേന്ദ്രസർക്കാരിന്റേയോ ഒരു സംസ്ഥാന സർക്കാരിന്റേയോ ഏതെങ്കിലും വകുപ്പോ ഒരു ജില്ലാ പരിഷത്തോ മദ്ധ്യതലത്തിലുള്ള പഞ്ചായത്തോ ഗ്രാമപഞ്ചായത്തോ അല്ലെങ്കിൽ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനമോ സർക്കാർ സംരംഭമോ അല്ലെങ്കിൽ ഒരു സ്കീമിൻകീഴിൽ ആരംഭിച്ച ഏതെങ്കിലും ജോലിയുടെ നടത്തിപ്പ് ഏറ്റെടുക്കുന്നതിന് കേന്ദ്രസർക്കാരിനാലോ സംസ്ഥാന സർക്കാരിനാലോ അധികാരപ്പെടുത്തിയ സർക്കാരിതര സംഘടനയോ ഉൾപ്പെടുന്നതാകുന്നു;

(ജ) ''ഏറ്റവും കുറഞ്ഞ കൂലി'' എന്നാൽ ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച്, ആ പ്രദേശത്തെ കർഷകത്തൊഴിലാളികൾക്ക് ബാധകമാകുന്നവിധം ഏറ്റവും കുറഞ്ഞ കൂലി ആക്റ്റ്, 1948 (1948-ലെ 11) 3-ാം വകുപ്പുപ്രകാരം സംസ്ഥാനസർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞ കൂലി എന്നർത്ഥമാകുന്നു;

(ഝ) ''ദേശീയനിധി'' എന്നാൽ 20-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സ്ഥാപിക്കപ്പെട്ട ദേശീയ തൊഴിലുറപ്പാക്കൽ നിധി എന്നർത്ഥമാകുന്നു;

(ഞ) ''വിജ്ഞാപനം'' എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ട) ''മുൻഗണനാജോലി'' എന്നാൽ ഒരു സ്കീമിൻകീഴിൽ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനായി ആരംഭിക്കപ്പെടുന്ന ഏതെങ്കിലും ജോലി എന്നർത്ഥമാകുന്നു;

(ഠ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡ) ''പ്രോഗ്രാം ആഫീസർ'' എന്നാൽ സ്കീം നടപ്പാക്കുന്നതിനായി 15-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ഢ) ''പ്രോജക്റ്റ്'' എന്നാൽ അപേക്ഷകർക്ക് തൊഴിൽ നൽകുന്ന ആവശ്യത്തിലേയ്ക്കായി ഒരു സ്കീമിൻകീഴിൽ ആരംഭിച്ച ഏതെങ്കിലും ജോലി എന്നർത്ഥമാകുന്നു;

(ണ) ''ഗ്രാമപ്രദേശം'' എന്നാൽ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ സ്ഥാപിക്കപ്പെട്ടതോ രൂപവൽക്കരിക്കപ്പെട്ടതോ ആയ ഏതെങ്കിലും നഗര തദ്ദേശനികായത്തിലോ ഒരു കന്റോൺമെന്റ് ബോർഡിലോ ഉൾപ്പെട്ട പ്രദേശങ്ങളൊഴികെ ഒരു സംസ്ഥാനത്തിലെ ഏതെങ്കിലും പ്രദേശം എന്നർത്ഥമാകുന്നു;

(ത) ''സ്കീം'' എന്നാൽ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന സർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെട്ട ഒരു സ്കീം എന്നർത്ഥമാകുന്നു;

(ഥ) ''സംസ്ഥാനകൗൺസിൽ'' എന്നാൽ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട സംസ്ഥാന തൊഴിലുറപ്പാക്കൽ കൗൺസിൽ എന്നർത്ഥമാകുന്നു;

(ദ) ''അവിദഗ്ധ കൈവേല'' എന്നാൽ ഏതെങ്കിലും നൈപുണ്യമോ പ്രത്യേക പരിശീലനമോ കൂടാതെ ഏതെങ്കിലും പ്രായപൂർത്തിയായ ആൾക്ക് ചെയ്യാൻ കഴിയുന്ന ഏതെങ്കിലും കായിക അദ്ധ്വാനം എന്നർത്ഥമാകുന്നു;

(ധ) ''കൂലി നിരക്ക്'' എന്നാൽ 6-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കൂലിനിരക്ക് എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ഗ്രാമപ്രദേശങ്ങളിൽ തൊഴിൽ ഉറപ്പാക്കൽ

3. കുടുംബങ്ങൾക്ക് ഗ്രാമീണ തൊഴിൽ ഉറപ്പാക്കൽ.—(1) മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന സംസ്ഥാനത്തിലെ അങ്ങനെയുള്ള ഗ്രാമപ്രദേശത്ത്, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീമിനനുസൃതമായി അവിദഗ്ദ്ധ കൈവേല ചെയ്യുവാൻ സ്വമേധയാ തയ്യാറാകുന്ന ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ നൂറു ദിവസത്തിൽ കുറയാതെ അത്തരം ജോലി നൽകേണ്ടതാണ്.

(2) ഓരോ ആൾക്കും, തനിക്ക് സ്കീമിൻകീഴിൽ നൽകപ്പെട്ട ജോലി ചെയ്യുന്നതിന് ഓരോ ദിവസത്തെ ജോലിക്കുള്ള കൂലി നിരക്കിൽ കൂലി ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ, ദിവസക്കൂലി ആഴ്ചയടിസ്ഥാനത്തിലോ, എങ്ങനെയായാലും, അത്തരം ജോലി ചെയ്ത തീയതിക്കുശേഷം രണ്ടാഴ്ച കൂടുതലാകാതെയോ വിതരണം ചെയ്യേണ്ടതാണ്.

(4) കേന്ദ്ര സർക്കാരിന് അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്, അതിന്റെ സാമ്പത്തിക ശേഷിയുടെയും വികസനത്തിന്റെയും പരിധിക്കുള്ളിൽ, (1)-ാം ഉപവകുപ്പുപ്രകാരം ഉറപ്പാക്കപ്പെട്ട കാലയളവിന് പുറമെ യുക്തമാകാവുന്ന ഏതെങ്കിലും കാലയളവിലേക്ക് ഒരു സ്കീമിൻകീഴിൽ ഒരു കുടുംബത്തിലെ ഓരോ പ്രായപൂർത്തിയായ അംഗത്തിനും ജോലി ഉറപ്പാക്കുന്നതിനായി വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

## അദ്ധ്യായം III

## തൊഴിലുറപ്പാക്കൽ സ്കീമുകളും തൊഴിലില്ലായ്മബത്തയും

4. ഗ്രാമപ്രദേശങ്ങൾക്കുള്ള തൊഴിലുറപ്പാക്കൽ സ്കീമുകൾ.—(1) 3-ാം വകുപ്പിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലേക്കായി, എല്ലാ സംസ്ഥാന സർക്കാരുകളും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ ആറുമാസത്തിനകം, വിജ്ഞാപനംവഴി, സ്കീമിൽ ഉൾപ്പെട്ടതായ ഗ്രാമപ്രദേശങ്ങളിലെ ഓരോ കുടുംബത്തിനും, അതിലെ പ്രായപൂർത്തിയായ അംഗങ്ങൾ, ഈ സ്കീമിലും ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി, അപേക്ഷ വഴി, അവിദഗ്ദ്ധ കൈവേല ചെയ്യുവാൻ സ്വമേധയാ തയ്യാറാകുമ്പോൾ, ഒരു സാമ്പത്തിക വർഷത്തിൽ നൂറു ദിവസത്തിൽ കുറയാതെ ഉറപ്പാക്കപ്പെട്ട തൊഴിൽ നൽകുന്നതിനായി ഒരു സ്കീം ഉണ്ടാക്കേണ്ടതാണ് :

എന്നാൽ സംസ്ഥാന സർക്കാർ അങ്ങനെയുള്ള ഏതെങ്കിലും സ്കീം വിജ്ഞാപനം ചെയ്യുന്നതുവരെ, അങ്ങനെയുള്ള വിജ്ഞാപനത്തിന് തൊട്ടുമുൻപ് ബന്ധപ്പെട്ട പ്രദേശത്ത് നിലവിലുള്ള സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ.)യ്ക്കോ നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാ (എൻ.എഫ്.എഫ്.ഡബ്ല്യു.പി.)മിനോ വേണ്ടിയുള്ള വാർഷിക കർമ്മപദ്ധതി അല്ലെങ്കിൽ വീക്ഷണപദ്ധതി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സ്കീമിനു വേണ്ടിയുള്ള പ്രവർത്തന പദ്ധതിയായി കരുതപ്പെടേണ്ടതാണ്.

(2) സംസ്ഥാന സർക്കാർ, അത് ഉണ്ടാക്കിയ സ്കീമിന്റെ ഒരു സംഗ്രഹം ഏറ്റവും കുറഞ്ഞത് രണ്ടു പ്രാദേശിക വർത്തമാനപത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതും അതിലൊന്ന് അത്തരം സ്കീം ബാധകമാക്കേണ്ട പ്രദേശത്തോ പ്രദേശങ്ങളിലോ പ്രചാരത്തിലുള്ള ഒരു പ്രാദേശിക ഭാഷയിലായിരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീം I-ാം പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ട ചുരുക്കം സവിശേഷതകൾക്കായി വ്യവസ്ഥ ചെയ്യേണ്ടതാണ്.

5. ഉറപ്പാക്കപ്പെട്ട തൊഴിൽ നൽകുന്നതിനുള്ള നിബന്ധനകൾ.—(1) സംസ്ഥാന സർക്കാരിന്, II-ാം പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ട നിബന്ധനകൾക്ക് ഭംഗം വരാത്ത വിധത്തിൽ, ഈ ആക്റ്റിൻകീഴിൽ ഉറപ്പാക്കപ്പെട്ട തൊഴിൽ നൽകുന്നതിനായുള്ള നിബന്ധനകൾ സ്കീമിൽ വിനിർദ്ദേശിക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും സ്കീമിൻകീഴിൽ നിയോജിക്കപ്പെട്ട വ്യക്തികൾ, II-ാം പട്ടികയിൽ വിനിർദ്ദേശിക്കപ്പെട്ട ഏറ്റവും കുറഞ്ഞ സൗകര്യങ്ങളേക്കാൾ കുറയാത്ത അത്തരം സൗകര്യങ്ങൾക്ക് അർഹരായിരിക്കുന്നതാണ്.

6. കൂലിനിരക്ക്.—(1) ഏറ്റവും കുറഞ്ഞകൂലി ആക്റ്റ്, 1948 (1948-ലെ 11)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാരിന്, വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കൂലിനിരക്ക് വിനിർദ്ദേശിക്കാവുന്നതാണ് :

എന്നാൽ വ്യത്യസ്ത പ്രദേശങ്ങൾക്കായി വ്യത്യസ്ത കൂലി നിരക്കുകൾ വിനിർദ്ദേശിക്കപ്പെടാവുന്നതാണ് :

എന്നുമാത്രമല്ല അത്തരം ഏതെങ്കിലും വിജ്ഞാപനത്തിൻകീഴിൽ സമയാസമയങ്ങളിൽ വിനിർദ്ദേശിക്കപ്പെട്ട കൂലിനിരക്ക് പ്രതിദിനം അറുപത് രൂപയിൽ കുറഞ്ഞ നിരക്കിലാകാൻ പാടില്ലാത്തതാകുന്നു.

(2) ഒരു സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച കൂലിനിരക്ക്, കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള അത്തരം സമയം വരെ, കർഷകത്തൊഴിലാളികൾക്കായി ഏറ്റവും കുറഞ്ഞകൂലി ആക്റ്റ്, 1948 (1948-ലെ 11)-ലെ 3-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞ കൂലി, ആ പ്രദേശത്ത് ബാധകമാകുന്ന കൂലി നിരക്കായി കരുതപ്പെടേണ്ടതാണ്.

7. തൊഴിലില്ലായ്മബത്ത നൽകൽ.—(1) സ്കീമിൻകീഴിൽ തൊഴിലിനായുള്ള ഒരു അപേക്ഷകന്, തൊഴിൽ തേടിക്കൊണ്ടുള്ള അയാളുടെ അപേക്ഷ ലഭിച്ച് പതിനഞ്ച് ദിവസത്തിനകമോ അല്ലെങ്കിൽ ഒരു മുൻകൂർ അപേക്ഷയുടെ സംഗതിയിൽ, തൊഴിൽ തേടിയ തീയതി മുതലോ ഇവയിൽ അവസാനമായതേതോ, അങ്ങനെയുള്ള തൊഴിൽ നൽകപ്പെടുന്നില്ലായെങ്കിൽ, ഈ വകുപ്പിനനുസൃതമായുള്ള പ്രതിദിന തൊഴിലില്ലായ്മബത്തയ്ക്ക് അയാൾ അർഹനായിരിക്കുന്നതാണ്.

(2) സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യത സംബന്ധിച്ച നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും സ്കീമുകൾക്കും സംസ്ഥാന സർക്കാരിന്റെ സാമ്പത്തികശേഷിക്കും വിധേയമായും, (1)-ാം ഉപവകുപ്പുപ്രകാരം നൽകേണ്ടതായ തൊഴിലില്ലായ്മബത്ത, സംസ്ഥാന കൗൺസിലുമായി കൂടിയാലോചിച്ച്, വിജ്ഞാപനംവഴി, സംസ്ഥാന സർക്കാർ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിരക്കിൽ കുടുംബത്തിന്റെ അവകാശത്തിനു വിധേയമായി ഒരു കുടുംബത്തിലെ അപേക്ഷകർക്ക് നൽകേണ്ടതാണ് :

എന്നാൽ അങ്ങനെയുള്ള ഒരു നിരക്കും സാമ്പത്തികവർഷത്തിൽ ആദ്യത്തെ മുപ്പത് ദിവസത്തേക്കുള്ള കൂലിനിരക്കിന്റെ നാലിലൊന്നിൽ കുറയാനും സാമ്പത്തികവർഷത്തിന്റെ അവശേഷിക്കുന്ന കാലയളവിലേക്കുള്ള കൂലിനിരക്കിന്റെ പകുതിയിൽ കുറയാനും പാടില്ലാത്തതാകുന്നു.

(3) ഒരു കുടുംബത്തിന് ഏതെങ്കിലും സാമ്പത്തിക വർഷം തൊഴിലില്ലായ്മബത്ത നൽകാനുള്ള സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത—

(ക) ഗ്രാമപഞ്ചായത്തോ പ്രോഗ്രാം ആഫീസറോ ഒരു അപേക്ഷകനോട് അയാളെത്തന്നെയോ അല്ലെങ്കിൽ അയാളുടെ കുടുംബത്തിലെ ഏറ്റവും കുറഞ്ഞത് ഒരു പ്രായപൂർത്തിയായ അംഗത്തെ നിയോഗിച്ചുകൊണ്ടോ, ജോലിക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിക്കുകയോ; അല്ലെങ്കിൽ

(ഖ) തൊഴിൽ തേടുന്ന കാലയളവ് അവസാനിക്കുകയും അപേക്ഷകന്റെ കുടുംബത്തിലെ ഒരു അംഗവും തൊഴിലിന് എത്താതിരിക്കുകയും; അല്ലെങ്കിൽ

(ഗ) അപേക്ഷകന്റെ കുടുംബത്തിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് സാമ്പത്തിക വർഷത്തിൽ മൊത്തത്തിൽ ഏറ്റവും കുറഞ്ഞത് നൂറു ദിവസത്തേക്കുള്ള ജോലി ലഭിക്കുകയോ; അല്ലെങ്കിൽ

(ഘ) അപേക്ഷകന്റെ കുടുംബം, കൂലിയിൽ നിന്നും തൊഴിലില്ലായ്മബത്തയിൽ നിന്നും ഒരുമിച്ച് സമ്പാദിച്ച അത്രയും, സാമ്പത്തിക വർഷത്തിൽ നൂറ് ദിവസത്തെ ജോലിയുടെ കൂലിക്ക് തുല്യമാകുകയോ,

ചെയ്താലുടനെ ഇല്ലാതായിത്തീരുന്നതാണ്.

(4) ഒരു അപേക്ഷകന്റെ കുടുംബത്തിന് കൂട്ടായി നൽകേണ്ടതായ തൊഴിലില്ലായ്മബത്ത പ്രോഗ്രാം ആഫീസറോ അങ്ങനെയുള്ള തദ്ദേശാധികാരസ്ഥാനമോ, (ജില്ലാതലത്തിലോ മദ്ധ്യതലത്തിലോ വില്ലേജ്തലത്തിലോ ഉള്ള പഞ്ചായത്തുകൾ ഉൾപ്പെടെ) ഇതിലേക്കായി, സംസ്ഥാന സർക്കാർ, വിജ്ഞാപനംവഴി, അധികാരപ്പെടുത്തുന്ന പ്രകാരം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പുപ്രകാരമുള്ള തൊഴിലില്ലായ്മബത്തയുടെ ഓരോ നൽകലും അത് നൽകാനുള്ള തീയതി മുതൽ പതിനഞ്ച് ദിവസത്തിൽ കവിയാതെ നൽകുകയോ വാഗ്ദാനം ചെയ്യുകയോ ചെയ്യേണ്ടതാണ്.

(6) സംസ്ഥാനസർക്കാരിന്, ഈ ആക്റ്റ്പ്രകാരം തൊഴിലില്ലായ്മബത്ത നൽകുന്നതിനുള്ള നടപടിക്രമം നിർണ്ണയിക്കാവുന്നതാണ്.

8. <u>ചില സാഹചര്യങ്ങളിൽ തൊഴിലില്ലായ്മബത്ത വിതരണം ചെയ്യാതിരിക്കൽ.</u>—(1) പ്രോഗ്രാം ആഫീസർ, അദ്ദേഹത്തിന്റെ നിയന്ത്രണത്തിനതീതമായ ഏതെങ്കിലും കാരണത്താൽ, തൊഴിലില്ലായ്മബത്ത യഥാസമയം വിതരണം ചെയ്യാൻ അല്ലെങ്കിൽ വിതരണം ചെയ്യാൻ തന്നെ കഴിയാത്ത അവസ്ഥയിലാണെങ്കിൽ, അദ്ദേഹം അക്കാര്യം ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും അത്തരം കാരണങ്ങൾ അറിയിക്കുന്ന ഒരു നോട്ടീസ് അദ്ദേഹത്തിന്റെ നോട്ടീസ് ബോർഡിലും, ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും അദ്ദേഹം ആവശ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള മറ്റു ശ്രദ്ധേയമായ സ്ഥലങ്ങളിലും പ്രദർശിപ്പിക്കേണ്ടതും ആണ്.

(2) തൊഴിലില്ലായ്മബത്ത നൽകാതിരുന്നതോ കാലതാമസം വരുത്തി നൽകിയതോ ആയ ഓരോ സംഗതിയും സംസ്ഥാന സർക്കാരിന് ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ടിൽ അങ്ങനെയുള്ള നൽകാതിരിക്കലിനോ കാലതാമസം വരുത്തിയ നൽകലിനോ ഉള്ള കാരണങ്ങൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം റിപ്പോർട്ടു ചെയ്യപ്പെട്ട തൊഴിലില്ലായ്മബത്ത കഴിയുന്നത്രവേഗം ബന്ധപ്പെട്ട കുടുംബത്തിന് നൽകുന്നതിനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ എടുക്കേണ്ടതാണ്.

9. <u>ചില സാഹചര്യങ്ങളിൽ തൊഴിലില്ലായ്മബത്ത ലഭിക്കുന്നതിനുള്ള അനർഹത.</u>—ഒരു അപേക്ഷകൻ,—

(ക) ഒരു സ്കീമിൻകീഴിൽ തന്റെ കുടുംബത്തിന് നൽകിയ തൊഴിൽ സ്വീകരിക്കാതിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ജോലിക്ക് റിപ്പോർട്ടു ചെയ്യാൻ പ്രോഗ്രാം ആഫീസറോ നടപ്പാക്കുന്ന ഏജൻസിയോ വിജ്ഞാപനം ചെയ്ത് പതിനഞ്ച് ദിവസത്തിനകം ജോലിക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുകയോ; അല്ലെങ്കിൽ

(ഗ) നടപ്പാക്കുന്ന ഏജൻസിയിൽ നിന്നും അനുവാദം ലഭിക്കാതെ ഒരാഴ്ചയിൽ കൂടുതലുള്ള കാലയളവിലേക്ക് തുടർച്ചയായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയോ ഏതെങ്കിലും മാസം ഒരാഴ്ചയിൽ കൂടുതലുള്ള മൊത്തം കാലയളവിലേക്ക് വിട്ടുനിൽക്കുകയോ,

ചെയ്താൽ, അയാൾ ഈ ആക്റ്റിൻകീഴിൽ നൽകേണ്ടതായ തൊഴിലില്ലായ്മബത്ത മൂന്നുമാസ കാലയളവിലേക്ക് അവകാശപ്പെടാൻ അർഹനല്ലാതാകുന്നതും എന്നാൽ ഏതു സമയത്തും ഈ സ്കീമിൻകീഴിൽ തൊഴിൽ തേടാൻ അർഹനായിരിക്കുന്നതുമാണ്.

## അദ്ധ്യായം IV

## നടപ്പാക്കുന്നതും നിരീക്ഷിക്കുന്നതുമായ അധികാരസ്ഥാനങ്ങൾ

10. കേന്ദ്ര തൊഴിലുറപ്പാക്കൽ കൗൺസിൽ.—(1) കേന്ദ്രസർക്കാർ, വിജ്ഞാപനം വഴി, വിനിർദ്ദേശിക്കാവുന്ന പ്രകാരം അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ കേന്ദ്ര തൊഴിലുറപ്പാക്കൽ കൗൺസിൽ എന്നു വിളിക്കപ്പെടാവുന്ന ഒരു കൗൺസിൽ, ഈ ആക്റ്റിനാലോ അതിൻകീഴിലോ അതിനെ ഏൽപ്പിച്ചിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനും കർത്തവ്യങ്ങൾ നിറവേറ്റുന്നതിനും രൂപവൽക്കരിക്കേണ്ടതാണ്.

(2) കേന്ദ്രകൗൺസിലിന്റെ ആസ്ഥാനം ഡൽഹി ആയിരിക്കുന്നതാണ്.

(3) കേന്ദ്രകൗൺസിലിൽ, കേന്ദ്രസർക്കാരിനാൽ നിയമിക്കപ്പെടുന്ന താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(ക) ഒരു ചെയർപേഴ്സൺ;

(ഖ) കേന്ദ്രസർക്കാരിനാൽ നിശ്ചയിക്കപ്പെടാവുന്ന ഭാരതസർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ആസൂത്രണ കമ്മീഷൻ ഉൾപ്പെടെയുള്ള കേന്ദ്രമന്ത്രാലയങ്ങളുടെ അങ്ങനെയുള്ള എണ്ണത്തിൽ കൂടാത്ത പ്രതിനിധികൾ;

(ഗ) കേന്ദ്രസർക്കാരിനാൽ നിശ്ചയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള എണ്ണത്തിൽ കൂടാത്ത സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികൾ;

(ഘ) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെയും തൊഴിലാളികളുടെ സംഘടനകളെയും പ്രതികൂലാവസ്ഥയിലുള്ള വിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന പതിനഞ്ചിൽ കൂടാത്ത അനൗദ്യോഗിക അംഗങ്ങൾ:

എന്നാൽ അങ്ങനെയുള്ള അനൗദ്യോഗിക അംഗങ്ങളിൽ, ഒരേ സമയം ഒരു വർഷക്കാലയളവിലേക്ക് ക്രമപ്രകാരം കേന്ദ്രസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ജില്ലാ പഞ്ചായത്തുകളുടെ രണ്ടു ചെയർപേഴ്സൺമാരും ഉൾപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല ഈ ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നിലൊന്നിൽ കുറയാത്ത അനൗദ്യോഗിക അംഗങ്ങൾ വനിതകളായിരിക്കേണ്ടതാണ്:

എന്നുതന്നെയുമല്ല, മൂന്നിലൊന്നിൽ കുറയാത്ത അനൗദ്യോഗിക അംഗങ്ങൾ പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലും മറ്റു പിന്നോക്ക വിഭാഗങ്ങളിലും ന്യൂനപക്ഷങ്ങളിലും ഉള്ളവരായിരിക്കേണ്ടതാണ്;

(ങ) കേന്ദ്രസർക്കാർ, ഇതിലേക്കായി, ചട്ടങ്ങളാൽ നിശ്ചയിക്കാവുന്ന പ്രകാരം സംസ്ഥാനസർക്കാരുകളുടെ അത്രയും എണ്ണം പ്രതിനിധികൾ;

(ച) ഭാരത സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു മെമ്പർ സെക്രട്ടറി.

(4) നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേന്ദ്രകൗൺസിലിന്റെ ചെയർപേഴ്സണും മറ്റംഗങ്ങളും നിയമിക്കപ്പെടാവുന്നതും കേന്ദ്രകൗൺസിലിന്റെ യോഗങ്ങളുടെ സമയവും സ്ഥലവും നടപടിക്രമവും (അത്തരം യോഗങ്ങളിലെ കോറം ഉൾപ്പെടെ) കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

11. കേന്ദ്രകൗൺസിലിന്റെ ചുമതലകളും കർത്തവ്യങ്ങളും.—(1) കേന്ദ്രകൗൺസിൽ താഴെ പറയുന്ന ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുകയും നിറവേറ്റുകയും ചെയ്യേണ്ടതാണ്, അതായത്:—

(ക) ഒരു വിലയിരുത്തൽ കേന്ദ്രവും നിരീക്ഷണ സമ്പ്രദായവും സ്ഥാപിക്കുക;

(ഖ) കേന്ദ്രസർക്കാരിനെ ഈ ആക്റ്റിന്റെ നടത്തിപ്പ് സംബന്ധിച്ച എല്ലാ സംഗതികളിലും ഉപദേശിക്കുക;

(ഗ) നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള രീതി സമയാസമയങ്ങളിൽ പുനഃപരിശോധിക്കുകയും ആവശ്യമായ പരിഷ്കരണങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക;

(ഘ) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീമുകളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ വിപുലവും സാദ്ധ്യവുമായ പ്രചാരണം പ്രോത്സാഹിപ്പിക്കുക;

(ങ) ഈ ആക്റ്റിന്റെ നടപ്പാക്കൽ നിരീക്ഷിക്കുക;

(ച) ഈ ആക്റ്റ് നടപ്പാക്കുന്നതിന്മേൽ കേന്ദ്രസർക്കാർ പാർലമെന്റ് മുമ്പാകെ വയ്ക്കേണ്ട വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കൽ;

(ഛ) കേന്ദ്രസർക്കാർ, അതിന് ഏൽപിച്ചു കൊടുക്കാവുന്ന മറ്റേതെങ്കിലും കർത്തവ്യം അല്ലെങ്കിൽ ചുമതല.

(2) കേന്ദ്രകൗൺസിലിന്, ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട വിവിധ സ്കീമുകളുടെ വിലയിരുത്തൽ ഏറ്റെടുക്കുന്നതിനും ആ ആവശ്യത്തിലേയ്ക്കായി ഗ്രാമീണ സമ്പദ്ഘടനയെയും സ്കീമുകളുടെ നടത്തിപ്പിനെയും സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനോ ശേഖരിക്കുവാൻ ഇടയാക്കുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. സംസ്ഥാന തൊഴിലുറപ്പാക്കൽ കൗൺസിൽ.—(1) സംസ്ഥാനതലത്തിൽ ഈ ആക്റ്റിന്റെ നടപ്പാക്കൽ നിരന്തരമായി നിരീക്ഷിക്കുന്നതിനും പുനഃപരിശോധിക്കുന്നതിനുമായി, ഓരോ സംസ്ഥാനസർക്കാരും, സംസ്ഥാനസർക്കാരിനാൽ നിശ്ചയിക്കപ്പെടാവുന്ന പ്രകാരമുള്ള ഒരു ചെയർപേഴ്സണോടും അത്രയും എണ്ണം ഔദ്യോഗിക അംഗങ്ങളോടും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, തൊഴിലാളി സംഘടനകൾ, പ്രതികൂലാവസ്ഥയിലുള്ള വിഭാഗങ്ങൾ എന്നിവയിൽ നിന്നും സംസ്ഥാനസർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട പതിനഞ്ചിൽ കവിയാത്ത അനൗദ്യോഗിക അംഗങ്ങളോടും കൂടിയ.........................................(സംസ്ഥാനത്തിന്റെ പേര്) സംസ്ഥാന തൊഴിലുറപ്പാക്കൽ കൗൺസിൽ എന്ന് അറിയപ്പെടുന്ന ഒരു സംസ്ഥാന കൗൺസിൽ രൂപവൽക്കരിക്കേണ്ടതാണ്:

എന്നാൽ ഈ ഖണ്ഡപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നിലൊന്നിൽ കുറയാത്ത അനൗദ്യോഗിക അംഗങ്ങൾ വനിതകളായിരിക്കേണ്ടതാണ്:

എന്നുതന്നെയുമല്ല മൂന്നിലൊന്നിൽ കുറയാത്ത, അനൗദ്യോഗിക അംഗങ്ങൾ പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലും മറ്റു പിന്നാക്കവിഭാഗങ്ങളിലും ന്യൂനപക്ഷങ്ങളിലും ഉള്ളവരായിരിക്കേണ്ടതാണ്.

(2) ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി സംസ്ഥാന കൗൺസിലിന്റെ ചെയർപേഴ്സണും അംഗങ്ങളും നിയമിക്കപ്പെടാമെന്നുള്ളതും സംസ്ഥാന കൗൺസിലിന്റെ യോഗങ്ങളുടെ സമയവും സ്ഥലവും നടപടിക്രമവും (അത്തരം യോഗങ്ങളിലെ ക്വോറം ഉൾപ്പെടെ) സംസ്ഥാനസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതുമാണ്.

(3) സംസ്ഥാന കൗൺസിലിന്റെ കർത്തവ്യങ്ങളിലും ചുമതലകളിലും,

(ക) സ്കീമിനെയും സംസ്ഥാനത്ത് അതിന്റെ നടത്തിപ്പിനെയും സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സംസ്ഥാനസർക്കാരിനെ ഉപദേശിക്കലും;

(ഖ) മുൻഗണനാജോലികൾ നിശ്ചയിക്കലും;

(ഗ) നിരീക്ഷിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള രീതി സമയാസമയങ്ങളിൽ പുനഃപരിശോധിക്കലും ആവശ്യമായ പരിഷ്കരണങ്ങൾ ശുപാർശ ചെയ്യലും;

(ഘ) ഈ ആക്റ്റിനെയും അതിൻകീഴിലുള്ള സ്കീമുകളെയും സംബന്ധിച്ചുള്ള വിവരങ്ങളുടെ വിപുലവും സാദ്ധ്യവുമായ പ്രചരണം പ്രോത്സാഹിപ്പിക്കലും;

(ങ) സംസ്ഥാനത്ത് ഈ ആക്റ്റിന്റെയും സ്കീമുകളുടെയും നടപ്പാക്കൽ നിരീക്ഷിക്കലും കേന്ദ്രകൗൺസിലുമായി അങ്ങനെയുള്ള നടപ്പാക്കൽ ഏകോപിപ്പിക്കലും;

(ച) സംസ്ഥാനസർക്കാർ, സംസ്ഥാന നിയമനിർമ്മാണസഭ മുമ്പാകെ വയ്ക്കേണ്ട വാർഷിക റിപ്പോർട്ട് തയ്യാറാക്കലും;

(ഛ) കേന്ദ്ര കൗൺസിലോ സംസ്ഥാന സർക്കാരോ അതിന് ഏൽപിച്ചു കൊടുക്കാവുന്ന മറ്റേതെങ്കിലും കർത്തവ്യമോ ചുമതലയോ,

ഉൾപ്പെടേണ്ടതാണ്.

(4) സംസ്ഥാന കൗൺസിലിന്, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കീമുകളുടെ വിലയിരുത്തൽ ഏറ്റെടുക്കുന്നതിനും ആ ആവശ്യത്തിലേക്കായി ഗ്രാമീണ സമ്പദ്ഘടനയെയും സംസ്ഥാനത്തിൽ സ്കീമുകളുടെയും പരിപാടികളുടെയും നടത്തിപ്പിനെയും സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനോ ശേഖരിക്കുവാൻ ഇടയാക്കുന്നതിനോ അധികാരം ഉണ്ടായിരിക്കുന്നതാണ്.

13. സ്കീമുകളുടെ ആസൂത്രണത്തിനും നടപ്പാക്കലിനുമുള്ള മുഖ്യ അധികാരസ്ഥാനങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട സ്കീമുകളുടെ ആസൂത്രണത്തിനും നടപ്പാക്കലിനും വേണ്ടിയുള്ള മുഖ്യ അധികാരസ്ഥാനങ്ങൾ ജില്ലാതലങ്ങളിലും മദ്ധ്യതലങ്ങളിലും വില്ലേജ്തലങ്ങളിലും ഉള്ള പഞ്ചായത്തുകൾ ആയിരിക്കുന്നതാണ്.

(2) ജില്ലാതലത്തിലുള്ള പഞ്ചായത്തുകളുടെ ചുമതലകൾ—

(ക) സ്കീം പ്രകാരം ഒരു പ്രോഗ്രാമിന്റെ കീഴിൽ ബ്ലോക്കുതലത്തിൽ ആരംഭിക്കേണ്ട ഷെൽഫ് ഓഫ് പ്രോജക്റ്റ്സ് പൂർത്തീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുക;

(ഖ) ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ആരംഭിക്കപ്പെട്ട പ്രോജക്റ്റുകളുടെ മേൽനോട്ടം വഹിക്കുകയും നിരീക്ഷണം നടത്തുകയും ചെയ്യുക; കൂടാതെ

(ഗ) സംസ്ഥാന കൗൺസിൽ സമയാസമയങ്ങളിൽ അതിന് ഏൽപിച്ചു കൊടുക്കാവുന്ന അങ്ങനെയുള്ള മറ്റുചുമതലകൾ നിർവഹിക്കുക,

എന്നിവ ആയിരിക്കുന്നതാണ്.

(3) മദ്ധ്യതലത്തിലുള്ള പഞ്ചായത്തിന്റെ ചുമതലകൾ—

(ക) ജില്ലാതലത്തിലുള്ള ജില്ലാപഞ്ചായത്തിന്റെ അന്തിമ അംഗീകാരത്തിനായി അതിന് അയച്ചുകൊടുക്കേണ്ടതായ ബ്ലോക്ക്തല പദ്ധതി അംഗീകരിക്കുക;

(ഖ) ഗ്രാമപഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും ആരംഭിക്കപ്പെട്ട പ്രോജക്റ്റുകളുടെ മേൽനോട്ടം വഹിക്കുകയും നിരീക്ഷണം നടത്തുകയും ചെയ്യുക; കൂടാതെ

(ഗ) സംസ്ഥാനകൗൺസിൽ, സമയാസമയങ്ങളിൽ, അതിന് ഏൽപിച്ചു കൊടുക്കാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക,

എന്നിവ ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റ് പ്രകാരവും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും സ്കീം പ്രകാരവും ജില്ലാതല പഞ്ചായത്തിന് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ സഹായിക്കേണ്ടതാണ്.

14. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ.—(1) ജില്ലാ പഞ്ചായത്തിന്റെ മുഖ്യകാര്യ നിർവ്വാഹക ആഫീസറെയോ ജില്ലാ കലക്ടറെയോ സംസ്ഥാന സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരം സമുചിത പദവിയിലുള്ള മറ്റേതെങ്കിലും ജില്ലാതല ആഫീസറെയോ ജില്ലയിലെ സ്കീമിന്റെ നടപ്പാക്കലിനായി ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററായി നാമനിർദ്ദേശം ചെയ്യപ്പെടേണ്ടതാണ്.

(2) ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി, ജില്ലയിലെ സ്കീം നടപ്പാക്കലിന് ഉത്തരവാദിയായിരിക്കുന്നതാണ്.

(3) ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ചുമതലകൾ—

(ക) ഈ ആക്റ്റ് പ്രകാരവും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും സ്കീം പ്രകാരവും ജില്ലാപഞ്ചായത്തിനെ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുക;

(ഖ) ജില്ലാതല പഞ്ചായത്തിനാൽ അംഗീകരിക്കപ്പെടുന്നതിന് ഷെൽഫ് ഓഫ് പ്രോജക്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ബ്ലോക്കുകളാൽ തയ്യാറാക്കപ്പെട്ട പദ്ധതികളും മറ്റ് നടപ്പാക്കൽ ഏജൻസികളിൽ നിന്ന് ലഭിച്ച പ്രോജക്റ്റ് നിർദ്ദേശങ്ങളും ഏകീകരിക്കുക;

(ഗ) ആവശ്യമുള്ളിടത്ത് വേണ്ട അനുമതി നൽകുകയും ഭരണ സംബന്ധമായ തടസ്സം നീക്കുകയും ചെയ്യുക;

(ഘ) ഈ ആക്റ്റ് പ്രകാരം അപേക്ഷകർക്ക് അവരുടെ അർഹത അനുസരിച്ച് തൊഴിൽ നൽകപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനായി നടപ്പാക്കൽ ഏജൻസികളെയും തന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന പ്രോഗ്രാം ആഫീസർമാരെയും ഏകോപിപ്പിക്കുക;

(ങ) പ്രോഗ്രാം ആഫീസർമാരുടെ പ്രവർത്തനം പുനരവലോകനം ചെയ്യുകയും നിരീക്ഷിക്കുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക;

(ച) പ്രവർത്തനത്തിലുള്ള പുരോഗതിയുടെ കാലാനുക്രമമായ പരിശോധന നടത്തുക;

(ഛ) അപേക്ഷകരുടെ പരാതികൾ പരിഹരിക്കുക,

എന്നിവ ആയിരിക്കുന്നതാണ്.

(4) സംസ്ഥാന സർക്കാർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററെ ഈ ആക്റ്റിൻകീഴിലുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് അദ്ദേഹത്തെ പ്രാപ്തനാക്കുന്നതിന് ആവശ്യമായേക്കാവുന്ന അത്തരം ഭരണപരവും സാമ്പത്തികവുമായ അധികാരങ്ങൾ ഏൽപിക്കേണ്ടതാണ്.

(5) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട പ്രോഗ്രാം ആഫീസറും ജില്ലയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാരിലെയും തദ്ദേശാധികാരസ്ഥാനങ്ങളിലെയും നികായങ്ങളിലെയും മറ്റ് എല്ലാ ആഫീസർമാരും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററെ, ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീമുകളും പ്രകാരമുള്ള അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ, സഹായിക്കുന്നതിന് ഉത്തരവാദിത്തമുള്ളവരായിരിക്കുന്നതാണ്.

(6) ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ, ഓരോ വർഷവും ഡിസംബർ മാസത്തിൽ, ജില്ലയിലെ അവിദഗ്ധ കൈവേലയ്ക്കുവേണ്ടിയുള്ള പ്രതീക്ഷിത ആവശ്യം സംബന്ധിച്ച വിശദാംശങ്ങളും സ്കീം പ്രകാരം ഉൾപ്പെടുത്തിയ ജോലികളിൽ തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയും അടങ്ങുന്ന, അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ഒരു തൊഴിൽ ബജറ്റ് തയ്യാറാക്കേണ്ടതും അത് ജില്ലാപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്.

15. പ്രോഗ്രാം ആഫീസർ.— (1) സംസ്ഥാന സർക്കാർ, മദ്ധ്യതലത്തിലുള്ള ഓരോ പഞ്ചായത്തിലും, സംസ്ഥാന സർക്കാരിനാൽ നിശ്ചയിക്കപ്പെടാവുന്ന പ്രകാരമുള്ള യോഗ്യതകളും പരിചയവുമുള്ള ബ്ലോക്ക് ഡവലപ്മെന്റ് ആഫീസറുടെ പദവിയിൽ കുറയാത്ത ഒരാളെ മദ്ധ്യതലത്തിലുള്ള പഞ്ചായത്തിൽ പ്രോഗ്രാം ആഫീസറായി നിയമിക്കേണ്ടതാണ്.

(2) പ്രോഗ്രാം ആഫീസർ, മദ്ധ്യതലപഞ്ചായത്തിനെ, ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും സ്കീമും പ്രകാരം അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന്, സഹായിക്കേണ്ടതാണ്.

(3) പ്രോഗ്രാം ആഫീസർ, തന്റെ അധികാര പരിധിയിലുള്ള പ്രദേശത്തെ പ്രോജക്റ്റുകളിൽ നിന്നും ഉണ്ടാകുന്ന തൊഴിലവസരങ്ങളുമായി തൊഴിലിനുവേണ്ടിയുള്ള ആവശ്യം അനുരൂപമാക്കുന്നതിന് ഉത്തരവാദിയായിരിക്കുന്നതാണ്.

(4) പ്രോഗ്രാം ആഫീസർ, തന്റെ അധികാരപരിധിയിലുള്ള ബ്ലോക്കിനുവേണ്ടി, ഗ്രാമപഞ്ചായത്തുകളാൽ തയ്യാറാക്കപ്പെട്ട പ്രോജക്റ്റ് നിർദ്ദേശങ്ങളും മദ്ധ്യതല പഞ്ചായത്തുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും ഏകീകരിച്ചുകൊണ്ട്, ഒരു പദ്ധതി തയ്യാറാക്കേണ്ടതാണ്.

(5) പ്രോഗ്രാം ആഫീസറുടെ ചുമതലകളിൽ—

(ക) ബ്ലോക്കിനുള്ളിലെ ഗ്രാമപഞ്ചായത്തുകളും മറ്റു നടപ്പാക്കൽ ഏജൻസികളും ഏറ്റെടുത്ത പ്രോജക്റ്റുകളുടെ നിരീക്ഷണവും;

(ഖ) അർഹതപ്പെട്ട കുടുംബാംഗങ്ങൾക്ക് തൊഴിലില്ലായ്മബത്ത അനുവദിക്കലും കൊടുക്കൽ ഉറപ്പാക്കലും;

(ഗ) ബ്ലോക്കിനുള്ളിലെ സ്കീമിന്റെ ഒരു പ്രോഗ്രാമിനുകീഴിൽ നിയോഗിക്കപ്പെട്ട എല്ലാ തൊഴിലാളികൾക്കും കൃത്യവും ന്യായവുമായ കൂലി കൊടുക്കൽ ഉറപ്പാക്കലും;

(ഘ) ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിക്കുള്ളിലെ എല്ലാ ജോലികളുടെയും നിരന്തരമായ സോഷ്യൽ ആഡിറ്റുകൾ ഗ്രാമസഭ നിർവ്വഹിക്കുന്നുണ്ടെന്നും സോഷ്യൽ ആഡിറ്റുകളിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളിൻമേൽ സത്വര നടപടിയെടുക്കുന്നുണ്ടെന്നും ഉറപ്പാക്കലും;

(ങ) ബ്ലോക്കിനുള്ളിലുള്ള സ്കീമിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട് ഉയർന്നേക്കാവുന്ന എല്ലാ പരാതികളും കൃത്യമായി കൈകാര്യം ചെയ്യലും;

(ച) ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററോ സംസ്ഥാനസർക്കാരോ അദ്ദേഹത്തിന് ഏല്പിച്ചു കൊടുക്കാവുന്ന മറ്റേതെങ്കിലും ജോലിയും,

ഉൾപ്പെടുന്നതാണ്.

(6) പ്രോഗ്രാം ആഫീസർമാർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ നിർദ്ദേശത്തിനും നിയന്ത്രണത്തിനും മേൽനോട്ടത്തിനും കീഴിൽ പ്രവർത്തിക്കേണ്ടതാണ്.

(7) സംസ്ഥാനസർക്കാരിന്, ഉത്തരവുവഴി, പ്രോഗ്രാം ആഫീസറുടെ എല്ലാമോ ഏതെങ്കിലുമോ ചുമതലകൾ ഗ്രാമപഞ്ചായത്തോ ഒരു തദ്ദേശാധികാരസ്ഥാനമോ നിർവ്വഹിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

16. ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തങ്ങൾ.— (1) ഗ്രാമപഞ്ചായത്തിന്, ഗ്രാമസഭയുടെയും വാർഡ് സഭകളുടേയും ശുപാർശകളനുസരിച്ച് ഒരു സ്കീമിൻകീഴിൽ ആരംഭിക്കേണ്ട ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രോജക്റ്റുകളുടെ കണ്ടെത്തലിനും അങ്ങനെയുള്ള ജോലികൾ നിർവ്വഹിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും, ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണ്.

(2) ഗ്രാമപഞ്ചായത്തിന്, പ്രോഗ്രാം ആഫീസർ അനുവദിക്കാവുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു സ്കീമിൻകീഴിൽ ഏതെങ്കിലും പദ്ധതി ആരംഭിക്കാവുന്നതാണ്.

(3) ഓരോ ഗ്രാമപഞ്ചായത്തും, ഗ്രാമസഭയുടേയും വാർഡ് സഭകളുടേയും ശുപാർശകൾ പരിഗണിച്ചതിനുശേഷം ഒരു വികസന പദ്ധതി തയ്യാറാക്കേണ്ടതും ജോലിക്ക് ആവശ്യം ഉണ്ടാകുമ്പോൾ സ്കീമിൻകീഴിൽ ആരംഭിക്കേണ്ട സാദ്ധ്യമായ ജോലികളുടെ ഒരു ഷെൽഫ് നിലനിർത്തേണ്ടതുമാണ്.

(4) ഗ്രാമപഞ്ചായത്ത്, വികസന പ്രോജക്റ്റുകൾക്കുവേണ്ടിയുള്ള അതിന്റെ നിർദ്ദേശങ്ങൾ, വ്യത്യസ്ത ജോലികൾ തമ്മിലുള്ള മുൻഗണനാ ഉത്തരവ് ഉൾപ്പെടെ, അവ നടപ്പാക്കപ്പെടുന്നതിന് ഉദ്ദേശിക്കുന്ന വർഷാരംഭത്തിന് മുൻപ് സൂക്ഷ്മപരിശോധനയ്ക്കും പ്രാഥമിക അംഗീകാരത്തിനുമായി പ്രോഗ്രാം ആഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(5) പ്രോഗ്രാം ആഫീസർ, ഗ്രാമപഞ്ചായത്തുകളിലൂടെ നടപ്പാക്കേണ്ട ഒരു സ്കീമിൻ കീഴിലുള്ള അതിന്റെ ചെലവ് ആസ്പദമാക്കി ജോലികളുടെ ഏറ്റവും കുറഞ്ഞത് അൻപതു ശതമാനം നീക്കിവയ്ക്കേണ്ടതാണ്.

(6) പ്രോഗ്രാം ആഫീസർ ഓരോ ഗ്രാമപഞ്ചായത്തിനും—

(ക) അത് നടപ്പാക്കുന്നതിനായി അനുവദിക്കപ്പെട്ട ജോലികൾക്കുവേണ്ടിയുള്ള മസ്റ്റർ റോളുകൾ; കൂടാതെ

(ഖ) ഗ്രാമപഞ്ചായത്തിലെ താമസക്കാർക്ക് മറ്റെവിടെയെങ്കിലും ലഭ്യമായ തൊഴിലവസരങ്ങളുടെ ഒരു ലിസ്റ്റ്;

എന്നിവ എത്തിച്ചുകൊടുക്കേണ്ടതാണ്.

(7) ഗ്രാമപഞ്ചായത്ത്, അപേക്ഷകർക്കിടയിൽ തൊഴിലവസരങ്ങൾ വിഭജിച്ചു കൊടുക്കേണ്ടതും ജോലിക്ക് ഹാജരാകാൻ അവരോട് ആവശ്യപ്പെടേണ്ടതുമാണ്.

(8) ഒരു സ്കീമിൻകീഴിൽ ഗ്രാമപഞ്ചായത്ത് ആരംഭിച്ച ജോലികൾ ആവശ്യപ്പെട്ടിട്ടുള്ള സാങ്കേതിക നിലവാരത്തിനും മാനദണ്ഡങ്ങൾക്കും യോജിച്ചതായിരിക്കേണ്ടതാണ്.

17. ഗ്രാമസഭയാലുള്ള ജോലിയുടെ സോഷ്യൽ ആഡിറ്റ്.—(1) ഗ്രാമപഞ്ചായത്തിനുള്ളിലെ ജോലികളുടെ നിർവ്വഹണം ഗ്രാമസഭ നിരീക്ഷിക്കേണ്ടതാണ്.

(2) ഗ്രാമപഞ്ചായത്തിനുള്ളിൽ ആരംഭിച്ച സ്കീമിൻകീഴിലുള്ള എല്ലാ പ്രോജക്റ്റുകളുടേയും കൃത്യമായ സോഷ്യൽ ആഡിറ്റ് ഗ്രാമസഭ നടത്തേണ്ടതാണ്.

(3) ഗ്രാമപഞ്ചായത്ത്, മസ്റ്റർറോളുകളും ബില്ലുകളും വൗച്ചറുകളും അളവുബുക്കുകളും അനുമതി ഉത്തരവിന്റെ പകർപ്പുകളും മറ്റു ബന്ധപ്പെട്ട കണക്കുബുക്കുകളും കടലാസുകളും ഉൾപ്പെടെയുള്ള പ്രസക്തമായ എല്ലാ രേഖകളും സോഷ്യൽ ആഡിറ്റ് നടത്തേണ്ട ആവശ്യത്തിലേക്കായി, ഗ്രാമസഭയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

18. സ്കീം നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തങ്ങൾ.—സംസ്ഥാന സർക്കാർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്കും പ്രോഗ്രാം ആഫീസർമാർക്കും സ്കീമിന്റെ ഫലപ്രദമായ നടപ്പാക്കലിന് ആവശ്യമായേക്കാവുന്ന വേണ്ടത്ര ജീവനക്കാരെയും സാങ്കേതികമായ സഹായവും ലഭ്യമാക്കേണ്ടതാണ്.

19. സങ്കട നിവാരണ സംവിധാനം.—സംസ്ഥാന സർക്കാർ, ചട്ടങ്ങളാൽ, സ്കീമിന്റെ നടത്തിപ്പിനെ സംബന്ധിച്ച ഏതെങ്കിലും വ്യക്തി മുഖേനയുള്ള ഏതെങ്കിലും പരാതി കൈകാര്യം ചെയ്യുന്നതിനായി ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ഉചിതമായ സങ്കട നിവാരണ സംവിധാനങ്ങൾ നിശ്ചയിക്കേണ്ടതും അങ്ങനെയുള്ള പരാതികൾ തീർപ്പാക്കുന്നതിനായുള്ള നടപടിക്രമം പ്രതിപാദിക്കേണ്ടതുമാണ്.

## അദ്ധ്യായം V

## ദേശീയ-സംസ്ഥാന തൊഴിലുറപ്പാക്കൽ നിധികൾ രൂപീകരിക്കലും ആഡിറ്റും

20. ദേശീയ തൊഴിലുറപ്പാക്കൽ നിധി.—(1) കേന്ദ്രസർക്കാർ, വിജ്ഞാപനംവഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ദേശീയ തൊഴിലുറപ്പാക്കൽ നിധി എന്നു വിളിക്കപ്പെടുന്ന ഒരു നിധി രൂപീകരിക്കേണ്ടതാണ്.

(2) കേന്ദ്രസർക്കാരിന്, ഇതിലേക്കായി പാർലമെന്റ് നിയമംമൂലം യഥാവിധി വകകൊള്ളിച്ചതിനുശേഷം കേന്ദ്രസർക്കാർ ആവശ്യമെന്ന് കരുതാവുന്ന പ്രകാരം അങ്ങനെയുള്ള ആകെത്തുക ഗ്രാന്റായോ ലോണായോ ദേശീയ നിധിയിലേക്ക് ക്രെഡിറ്റ് ചെയ്യാവുന്നതാണ്.

(3) കേന്ദ്രസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ദേശീയ നിധിയുടെ ക്രെഡിറ്റിലുള്ള തുക അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായും ഉപയോഗിക്കപ്പെടേണ്ടതാണ്.

21. സംസ്ഥാന തൊഴിലുറപ്പാക്കൽ നിധി.—(1) സംസ്ഥാന സർക്കാർ, വിജ്ഞാപനം വഴി, സ്കീമിന്റെ നടപ്പാക്കൽ സംബന്ധിച്ച ആവശ്യങ്ങൾക്കായി സംസ്ഥാന തൊഴിലുറപ്പാക്കൽ നിധി എന്നു വിളിക്കപ്പെടുന്ന ഒരു നിധി രൂപീകരിക്കേണ്ടതാണ്.

(2) സംസ്ഥാന നിധിയുടെ ക്രെഡിറ്റിലുള്ള തുക ഈ ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീമുകളും നടപ്പാക്കൽ സംബന്ധിച്ച ആവശ്യങ്ങൾക്കായും ഈ ആക്റ്റിന്റെ നടപ്പാക്കലുമായി ബന്ധപ്പെട്ട ഭരണപരമായ ചെലവുകൾ വഹിക്കുന്നതിനുവേണ്ടിയും സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായും ചെലവഴിക്കേണ്ടതാണ്.

(3) സംസ്ഥാനസർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള അധികാരസ്ഥാനത്താലും സംസ്ഥാന സർക്കാരിനുവേണ്ടി സംസ്ഥാന നിധി കൈവശം വയ്ക്കപ്പെടേണ്ടതും പരിപാലിക്കപ്പെടേണ്ടതുമാണ്.

22. നിധി നൽകലിന്റെ രീതി.—(1) കേന്ദ്രസർക്കാരിനാൽ ഇതിലേക്കായി ഉണ്ടാക്കപ്പെടാവുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, കേന്ദ്രസർക്കാർ, താഴെപ്പറയുന്ന ചെലവ് വഹിക്കേണ്ടതാണ്, അതായത്:—

(ക) സ്കീം പ്രകാരം അവിദഗ്ദ്ധ കൈവേലയ്ക്കുള്ള കൂലി നൽകലിന് ആവശ്യമായ തുക;

(ഖ) II-ാം പട്ടികയിലെ വ്യവസ്ഥകൾക്കു വിധേയമായി, വിദഗ്ദ്ധരും അർദ്ധ വിദഗ്ദ്ധരുമായ തൊഴിലാളികൾക്കുള്ള കൂലി നൽകൽ ഉൾപ്പെടെ സ്കീമിന്റെ ഭൗതിക ചെലവിന്റെ നാലിൽ മൂന്ന് വരെ;

(ഗ) പ്രോഗ്രാം ആഫീസർമാരുടെയും അവരെ സഹായിക്കുന്ന ജീവനക്കാരുടെയും ശമ്പളവും ബത്തകളും കേന്ദ്രകൗൺസിലിന്റെ ഭരണപരമായ ചെലവുകളും, II-ാം പട്ടിക പ്രകാരം വ്യവസ്ഥ ചെയ്യപ്പെടേണ്ട സൗകര്യങ്ങളും, കേന്ദ്രസർക്കാരിനാൽ നിശ്ചയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റേതെങ്കിലും ഇനം ഭരണപരമായ ചെലവിലേക്ക് കേന്ദ്രസർക്കാരിനാൽ നിശ്ചയിക്കപ്പെടാവുന്ന പ്രകാരമുള്ള സ്കീമിന്റെ ആകെ ചെലവിന്റെ അങ്ങനെയുള്ള ശതമാനം.

(2) സംസ്ഥാന സർക്കാർ താഴെപ്പറയുന്ന ചെലവ് വഹിക്കേണ്ടതാണ്, അതായത്:—

(ക) സ്കീം പ്രകാരം നൽകേണ്ട തൊഴിലില്ലായ്മബത്തയുടെ ചെലവ്;

(ഖ) II-ാം പട്ടികയിലെ വ്യവസ്ഥകൾക്കു വിധേയമായി, വിദഗ്ദ്ധരും അർദ്ധ വിദഗ്ദ്ധരുമായ തൊഴിലാളികൾക്കുള്ള കൂലി നൽകൽ ഉൾപ്പെടെ സ്കീമിന്റെ ഭൗതിക ചെലവിന്റെ നാലിലൊന്ന്;

(ഗ) സംസ്ഥാന കൗൺസിലിന്റെ ഭരണപരമായ ചെലവുകൾ.

23. സുതാര്യതയും ഉത്തരവാദിത്തവും.—(1) ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററും ജില്ലയിലെ എല്ലാ നടപ്പാക്കൽ ഏജൻസികളും ഒരു സ്കീം നടപ്പാക്കുന്നതിന്റെ ആവശ്യത്തിലേക്കായി അവരുടെ അധീനതയിലുള്ള നിധികളുടെ ശരിയായ ഉപയോഗത്തിനും നിയന്ത്രണത്തിനും ഉത്തരവാദികളായിരിക്കുന്നതാണ്.

(2) സംസ്ഥാന സർക്കാരിന്, തൊഴിലാളികളുടെ തൊഴിലിന്റെ ശരിയായ ബുക്കുകളും അക്കൗണ്ടുകളും സൂക്ഷിക്കേണ്ട രീതിയും, ഈ ആക്റ്റിന്റെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീമുകളുടെയും വ്യവസ്ഥകളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് വഹിക്കേണ്ടിവരുന്ന ചെലവും, നിർണ്ണയിക്കാവുന്നതാണ്.

(3) സംസ്ഥാന സർക്കാരിന്, സ്കീമുകളുടെയും സ്കീമുകളിൻകീഴിലുള്ള പ്രോഗ്രാമുകളുടെയും ശരിയായ നടപ്പാക്കലിനും സ്കീമുകളുടെ നടപ്പാക്കലിന്റെ എല്ലാ തലങ്ങളിലും സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിനുംവേണ്ട ക്രമീകരണങ്ങൾ ചട്ടങ്ങളാൽ നിശ്ചയിക്കാവുന്നതാണ്.

(4) പണമായുള്ള കൂലികളുടെയും തൊഴിലില്ലായ്മബത്തകളുടെയും നൽകലുകളെല്ലാം ബന്ധപ്പെട്ട വ്യക്തിക്ക് നേരിട്ടും സമൂഹത്തിലെ സ്വതന്ത്രരായ വ്യക്തികളുടെ സാന്നിദ്ധ്യത്തിലും മുൻകൂട്ടി പ്രസ്താവിച്ച തീയതികളിൽ നൽകേണ്ടതാണ്.

(5) ഗ്രാമപഞ്ചായത്ത് മുഖേനയുള്ള ഒരു സ്കീമിന്റെ നടപ്പാക്കലിനെ സംബന്ധിച്ച് ഏതെങ്കിലും തർക്കമോ പരാതിയോ ഉണ്ടാവുകയാണെങ്കിൽ അക്കാര്യം പ്രോഗ്രാം ആഫീസർക്ക് റഫർ ചെയ്യേണ്ടതാണ്.

(6) പ്രോഗ്രാം ആഫീസർ, അദ്ദേഹം സൂക്ഷിച്ചിട്ടുള്ള ഒരു പരാതിപുസ്തകത്തിൽ ഓരോ പരാതിയും രേഖപ്പെടുത്തേണ്ടതും അത് ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ തർക്കങ്ങളും പരാതികളും തീർപ്പാക്കേണ്ടതും, അത് മറ്റേതെങ്കിലും അധികാരസ്ഥാനം തീരുമാനിക്കേണ്ട ഒരു കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്ന സംഗതിയിൽ, പരാതിക്കാരനെ അറിയിച്ചുകൊണ്ട് അത് അങ്ങനെയുള്ള അധികാരസ്ഥാനത്തിന് അയച്ചുകൊടുക്കേണ്ടതുമാണ്.

24. അക്കൗണ്ടുകളുടെ പരിശോധന.—(1) കേന്ദ്രസർക്കാരിന്, ഭാരതത്തിന്റെ കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലുമായി കൂടിയാലോചിച്ച് സ്കീമുകളുടെ എല്ലാ തലങ്ങളിലുമുള്ള അക്കൗണ്ടുകളുടെ പരിശോധനകൾക്കുള്ള ഉചിതമായ ക്രമീകരണങ്ങൾ, നിർണ്ണയിക്കാവുന്നതാണ്.

(2) സംസ്ഥാന സർക്കാരിനാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സ്കീമിന്റെ അക്കൗണ്ടുകൾ അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള രീതിയിലും സൂക്ഷിക്കേണ്ടതാണ്.

## അദ്ധ്യായം VI

## പലവക

25. നടപ്പാക്കാതിരിക്കലിനുള്ള ശിക്ഷ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ആയിരം രൂപ വരെയാകാവുന്ന ഒരു പിഴശിക്ഷയ്ക്ക് അർഹനായിരിക്കുന്നതാണ്.

26. പ്രത്യായോജനം ചെയ്യുന്നതിനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴി, അതിന് വിനിയോഗിക്കാവുന്ന അധികാരങ്ങൾ (ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം ഒഴികെ) അങ്ങനെയുള്ള സാഹചര്യങ്ങളിലും അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, അങ്ങനെയുള്ള വിജ്ഞാപനത്തിൽ അതിന് നിശ്ചയിക്കാവുന്ന പ്രകാരം സംസ്ഥാന സർക്കാരിന് അല്ലെങ്കിൽ കേന്ദ്രസർക്കാരിന്റെയോ സംസ്ഥാനസർക്കാരിന്റെയോ കീഴിലുള്ള അങ്ങനെയുള്ള ആഫീസർക്കു കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴി, അതിന് വിനിയോഗിക്കാവുന്ന അധികാരങ്ങൾ (ചട്ടങ്ങളും സ്കീമുകളും ഉണ്ടാക്കുന്നതിനുള്ള അധികാരം ഒഴികെ) അങ്ങനെയുള്ള സാഹചര്യങ്ങളിലും അങ്ങനെയുള്ള ഉപാധികൾക്കും പരിമിതികൾക്കും വിധേയമായി, അങ്ങനെയുള്ള വിജ്ഞാപനത്തിൽ അതിന് നിശ്ചയിക്കാവുന്ന പ്രകാരം അതിന്റെ കീഴിലുള്ള അങ്ങനെയുള്ള ആഫീസർക്കുകൂടി വിനിയോഗിക്കാവുന്നതാണെന്ന്, നിർദ്ദേശിക്കാവുന്നതാണ്.

27. നിർദ്ദേശങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി അതിന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ, കേന്ദ്രസർക്കാരിന്, ഏതെങ്കിലും സ്കീമിനെ സംബന്ധിച്ച് ഈ ആക്റ്റിൻകീഴിൽ അനുവദിക്കപ്പെട്ട നിധികളുടെ നൽകലോ അനുചിതമായ ഉപയോഗമോ സംബന്ധിച്ച ഏതെങ്കിലും പരാതി ലഭിച്ചതിൻമേൽ പ്രഥമദൃഷ്ട്യാ ഒരു കേസുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ, അത് നാമനിർദ്ദേശം ചെയ്യുന്ന ഏതെങ്കിലും ഏജൻസി സമർപ്പിച്ച പരാതി അന്വേഷണത്തിന് കാരണമാക്കാവുന്നതും, ആവശ്യമെങ്കിൽ, സ്കീമിന് നിധികൾ നൽകുന്നത് നിറുത്തിവയ്ക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതും ന്യായമായ ഒരു കാലയളവിനുള്ളിൽ അതിന്റെ ഉചിതമായ നടപ്പാക്കലിനുള്ള ശരിയായ പരിഹാര നടപടികൾ ആരംഭിക്കാവുന്നതുമാണ്.

28. ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുമെന്ന്.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട സ്കീമുകളുടെയോ വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ അങ്ങനെയുള്ള നിയമത്തിന്റെ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ അതുമായി സംഗതമല്ലാത്ത എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്:

എന്നാൽ ഗ്രാമീണ കുടുംബങ്ങൾക്ക് അവിദഗ്ദ്ധ തൊഴിൽ നൽകുന്നതിന് ഈ ആക്റ്റ് പ്രകാരം ഉറപ്പാക്കപ്പെടുന്ന തൊഴിൽ നിബന്ധനകൾക്ക് അപ്രധാനമല്ലാത്തതും കുടുംബാംഗങ്ങൾക്ക് അവകാശപ്പെട്ടതിൽ കുറയാത്തതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് സംഗതമായതുമായ ഒരു സംസ്ഥാന നിയമം നിലനിൽക്കുകയോ നിയമമാക്കപ്പെടുകയോ ചെയ്യുന്നിടത്ത്, സംസ്ഥാന സർക്കാരിന് അതിന്റെതന്നെ നിയമം നടപ്പാക്കുന്നതിനുള്ള ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്:

എന്നുമാത്രമല്ല അങ്ങനെയുള്ള സംഗതികളിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന പ്രകാരം അങ്ങനെയുള്ള രീതിയിൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന് ഈ ആക്റ്റിൻകീഴിൽ നടപ്പാക്കേണ്ടിയിരുന്ന ഒരു സ്കീം ഉണ്ടാക്കപ്പെട്ടിട്ടുണ്ടായിരുന്നെങ്കിൽ ഈ ആക്റ്റിൻകീഴിൽ സംസ്ഥാനത്തിന് ലഭിക്കാൻ അർഹതപ്പെട്ടതെന്താണോ അതിൽ കവിയാത്ത സാമ്പത്തിക സഹായം നൽകേണ്ടതാണ്.

29. പട്ടികകൾ ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, അപ്രകാരം ചെയ്യുന്നത് ആവശ്യമെന്നോ യുക്തമെന്നോ ബോദ്ധ്യപ്പെടുന്നുവെങ്കിൽ, വിജ്ഞാപനം വഴി, അതിന് I-ാം പട്ടികയോ II-ാം പട്ടികയോ ഭേദഗതി ചെയ്യാവുന്നതും അതിന്മേൽ I-ാം പട്ടികയോ II-ാം പട്ടികയോ, അതതു സംഗതിപോലെ, അതനുസരിച്ച് ഭേദഗതി ചെയ്യപ്പെട്ടതായി കരുതപ്പെടേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട ഓരോ വിജ്ഞാപനത്തിന്റെയും ഒരു പകർപ്പ് അത് പുറപ്പെടുവിച്ചശേഷം, കഴിയുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭയുടേയും മുമ്പാകെ വയ്ക്കേണ്ടതാണ്.

30. ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.—ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്കോ, പ്രോഗ്രാം ആഫീസർക്കോ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45)-യുടെ 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന ഒരു പബ്ലിക് സർവന്റോ പബ്ലിക് സർവന്റായി കരുതപ്പെടുന്നതോ ആയ മറ്റേതെങ്കിലും വ്യക്തിക്കോ എതിരായി ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ സ്കീമുകളോ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്യപ്പെട്ടതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ എന്തിനെയെങ്കിലും സംബന്ധിച്ച് യാതൊരു വ്യവഹാരമോ ശിക്ഷാനടപടിയോ അല്ലെങ്കിൽ മറ്റു നിയമനടപടികളോ നിലനിൽക്കുന്നതല്ല.

31. ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്രസർക്കാരിനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന്, വിജ്ഞാപനം വഴിയും മുൻകൂട്ടി പ്രസിദ്ധീകരിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 10-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ (ങ) ഖണ്ഡപ്രകാരം സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളുടെ എണ്ണം;

(ഖ) 10-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം കേന്ദ്ര കൗൺസിലിന്റെ ചെയർമാനും മറ്റ് അംഗങ്ങളും നിയമിക്കപ്പെടാവുന്ന നിബന്ധനകളും ഉപാധികളും കേന്ദ്ര കൗൺസിലിന്റെ യോഗങ്ങളുടെ (അങ്ങനെയുള്ള യോഗങ്ങളിലെ കോറം ഉൾപ്പെടെ) സമയവും സ്ഥലവും നടപടിക്രമവും;

(ഗ) 20-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരമുള്ള ദേശീയനിധി ഏത് രീതിയിലും ഏതെല്ലാം ഉപാധികൾക്കും പരിമിതികൾക്കും വിധേയവുമായാണ് ഉപയോഗിക്കേണ്ടതെന്ന് ;

(ഘ) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള ചില ഇനങ്ങളുടെ ചെലവ് വഹിക്കുന്നതിനുള്ള നിധി നല്കലിന്റെ രീതിയുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ;

(ങ) കേന്ദ്രസർക്കാർ, ചട്ടങ്ങളാൽ നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ അല്ലെങ്കിൽ വ്യവസ്ഥ ഉണ്ടാക്കേണ്ടതോ ആയ മറ്റേതെങ്കിലും സംഗതി സംബന്ധിച്ച്.

32. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സംസ്ഥാനസർക്കാരിനുള്ള അധികാരം.</u>—(1) സംസ്ഥാന സർക്കാരിന്, വിജ്ഞാപനം വഴിയും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും, ഈ ആക്റ്റിനും കേന്ദ്രസർക്കാർ ഉണ്ടാക്കിയ ചട്ടങ്ങൾക്കും സംഗതമായും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം തൊഴിലില്ലായ്മബത്തയ്ക്കുള്ള അർഹതയ്ക്ക് നിശ്ചയിക്കപ്പെടാവുന്ന നിബന്ധനകളും ഉപാധികളും ;

(ഖ) 7-ാം വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരം തൊഴിലില്ലായ്മബത്ത നൽകുന്നതിനുള്ള നടപടിക്രമം ;

(ഗ) 12-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാന കൗൺസിലിന്റെ ചെയർപേഴ്സണും അംഗങ്ങളും നിയമിക്കപ്പെടാവുന്ന നിബന്ധനകളും ഉപാധികളും സംസ്ഥാന കൗൺസിലിലേക്ക് അവരുടെ നിയമനം സംബന്ധിച്ച യോഗങ്ങളുടെ (അങ്ങനെയുള്ള യോഗങ്ങളിലെ കോറം ഉൾപ്പെടെ) സമയവും സ്ഥലവും നടപടിക്രമവും ;

(ഘ) 19-ാം വകുപ്പുപ്രകാരം ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ഉള്ള സങ്കടനിവാരണസംവിധാനവും അങ്ങനെയുള്ള സംഗതിയിൽ അനുവർത്തിക്കേണ്ട നടപടിക്രമവും ;

(ങ) 21-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഏത് രീതിയിലും ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണ് സംസ്ഥാനനിധി ഉപയോഗിക്കേണ്ടതെന്ന് ;

(ച) 21-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം സംസ്ഥാനനിധി പരിപാലിക്കേണ്ട അധികാരസ്ഥാനവും അദ്ദേഹം അത് കൈവശം വയ്ക്കേണ്ടതായ രീതിയും ;

(ഛ) 23-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം തൊഴിലാളികളുടെ തൊഴിലിന്റെ അക്കൗണ്ട് ബുക്കുകൾ സൂക്ഷിക്കേണ്ട രീതിയും അതിന്റെ ചെലവും ;

(ജ) 23-ാം വകുപ്പ് (3)-ാം ഉപവകുപ്പുപ്രകാരം സ്കീമുകളുടെ ശരിയായ നടത്തിപ്പിന് ആവശ്യമായ ക്രമീകരണങ്ങൾ ;

(ഝ) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം സ്കീമിന്റെ അക്കൗണ്ടുകൾ സൂക്ഷിക്കേണ്ട മാതൃകയും രീതിയും ;

(ഞ) സംസ്ഥാനസർക്കാർ, ചട്ടങ്ങളാൽ നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ വ്യവസ്ഥ ഉണ്ടാക്കേണ്ടത് സംബന്ധിച്ചതോ ആയ മറ്റേതെങ്കിലും സംഗതി.

33. ചട്ടങ്ങളും സ്കീമുകളും വയ്ക്കൽ.—(1) ഈ ആക്റ്റ് പ്രകാരം കേന്ദ്രസർക്കാർ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയശേഷം, ആകുന്നത്രവേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രഭാവവും ഇല്ലാതിരിക്കുകയോ, ചെയ്യുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ സംസ്ഥാനസർക്കാർ ഉണ്ടാക്കിയ ഓരോ ചട്ടവും അല്ലെങ്കിൽ സ്കീമും, അത് ഉണ്ടാക്കിയതിനുശേഷം, ആകുന്നത്രവേഗത്തിൽ, സംസ്ഥാന നിയമ നിർമ്മാണ മണ്ഡലത്തിന്റെ, അത് രണ്ട് സഭകൾ അടങ്ങിയതായിരിക്കുന്നിടത്ത്, ഓരോ സഭയുടെയും മുൻപാകെയും അല്ലെങ്കിൽ അങ്ങനെയുള്ള നിയമനിർമ്മാണ മണ്ഡലം ഒരു സഭ അടങ്ങിയതായിരിക്കുന്നിടത്ത്, ആ സഭ മുമ്പാകെയും വയ്ക്കേണ്ടതാണ്.

34. വിഷമതകൾ നീക്കംചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ ഏതെങ്കിലും വിഷമത ഉത്ഭവിക്കുന്നുവെങ്കിൽ, കേന്ദ്രസർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവു വഴി, ആ വിഷമത നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അസംഗതമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ മൂന്നുവർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ, ഉണ്ടാക്കിയ ഓരോ ഉത്തരവും, അത് ഉണ്ടാക്കിയശേഷം, ആകുന്നത്രവേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

## പട്ടിക I

[വകുപ്പ് 4 (3) കാണുക]

### ഒരു ഗ്രാമീണ തൊഴിലുറപ്പാക്കൽ സ്കീമിന്റെ ഏറ്റവും കുറഞ്ഞ സവിശേഷതകൾ

[1]["1ക. 4-ാം വകുപ്പ് പ്രകാരം എല്ലാ സംസ്ഥാനങ്ങളും വിജ്ഞാപനം ചെയ്ത സ്കീമിനെ "ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ സ്കീം" എന്ന് വിളിക്കാവുന്നതും ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ പേര് തുടർന്ന് ചേർക്കേണ്ടതുമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ സ്കീമിന്റെ (എൻ.ആർ.ഇ.ജി.എസ്.) പരാമർശം ഉള്ളതായിരിക്കണം".]

1. സ്കീമിന്റെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് താഴെപ്പറയുന്ന ജോലികളിന്മേൽ അവയുടെ മുൻഗണനാക്രമത്തിൽ ആയിരിക്കേണ്ടതാണ്: —

(i) ജലസംരക്ഷണവും ജലക്കൊയ്ത്തും ;

(ii) വരൾച്ച (വനവൽക്കരണവും വൃക്ഷം നട്ടുപിടിപ്പിക്കലും ഉൾപ്പെടെ) നിർണ്ണയിക്കൽ ;

(iii) സൂക്ഷ്മവും ചെറുതുമായ ജലസേചന ജോലികൾ ഉൾപ്പെടെയുള്ള ജലവിതരണ കനാലുകൾ ;

1. 2007 മാർച്ച് മാസം 6-ാം തീയതിയിലെ 231-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 323 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം കൂട്ടിച്ചേർത്തത്.

[1] ["(iv) പട്ടികജാതികളിലും പട്ടികവർഗ്ഗങ്ങളിലുംപെട്ട കുടുംബങ്ങളുടെയോ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെയോ ഭൂപരിഷ്ക്കരണത്തിന്റെ ഗുണഭോക്താക്കളുടെയോ ഭാരതസർക്കാരിന്റെ ഇന്ദിരാ ആവാസ് യോജനയിൻകീഴിലുള്ള ഗുണഭോക്താക്കളുടെയോ കാർഷിക കടം ഒഴിവാക്കലും കാർഷിക കടാശ്വാസവും പദ്ധതി, 2008-ൽ നിർവ്വചിക്കപ്പെട്ടതായ ചെറുകിട കർഷകരുടെയോ മാർജിനൽ കർഷകരുടെയോ ഉടമസ്ഥതയിലുള്ള ഭൂമിയുടെ ജലസേചന സൗകര്യത്തിനും ഉദ്യാന കൃഷിത്തോട്ടത്തിന്റെയും ഭൂവികസനത്തിന്റെയും സൗകര്യങ്ങൾക്കുള്ള വ്യവസ്ഥ ;]

[2] [എന്നാൽ താഴെ പറയുന്ന നിബന്ധനകൾ നിറവേറ്റിയിരിക്കേണ്ടതാണ്, അതായത്:—

(ക) വ്യക്തിഗത ഭൂഉടമ ഒരു പണി കാർഡ് ഉടമ ആയിരിക്കേണ്ടതും പദ്ധതിയിൽ പണി ചെയ്യേണ്ടതുമാണ്;

(ഖ) ഗ്രാമപഞ്ചായത്ത് തലത്തിൽ അങ്ങനെയുള്ള ഓരോ പദ്ധതിക്കും തൊഴിലാളി-സാമഗ്രി അനുപാതം 60:40 ആയി നിലനിറുത്തേണ്ടതാണ്;

(ഗ) പദ്ധതികൾ ഗ്രാമസഭയാലും ഗ്രാമപഞ്ചായത്തിനാലും അംഗീകരിക്കപ്പെടേണ്ടതും പദ്ധതികളുടെ വാർഷിക ഷെൽഫിന്റെ ഭാഗമായിരിക്കേണ്ടതുമാണ്;

(ഘ) ജോലി നടപ്പാക്കുന്നതിന് കരാറുകാരെയോ യന്ത്രങ്ങളെയോ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്;

(ങ) യന്ത്രങ്ങൾ വിലയ്ക്കു വാങ്ങുവാൻ പാടില്ലാത്തതുമാണ്.]

(v) ടാങ്കുകളിലെ ചെളിനീക്കൽ ഉൾപ്പെടെ പരമ്പരാഗത ജലാശയങ്ങളുടെ നവീകരണം ;

(vi) ഭൂവികസനം ;

(vii) വെള്ളക്കെട്ടു പ്രദേശങ്ങളിലെ അഴുക്കുചാലുകൾ ഉൾപ്പെടെയുള്ള വെള്ളപ്പൊക്ക നിയന്ത്രണവും സംരക്ഷണ ജോലികളും ;

(viii) എല്ലാ കാലാവസ്ഥയിലും പ്രാപ്യത നല്കുന്നതിനുള്ള ഗ്രാമീണബന്ധം ; കൂടാതെ

(ix) സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് കേന്ദ്രസർക്കാരിനാൽ, വിജ്ഞാപനം ചെയ്യപ്പെടാവുന്ന മറ്റേതെങ്കിലും ജോലി.

2. ഗ്രാമീണ ദരിദ്രർക്ക് ശാശ്വത സമ്പാദ്യം ഉണ്ടാക്കലും അവരുടെ അടിസ്ഥാന ഉപജീവന മാർഗ്ഗം ശക്തിപ്പെടുത്തലും സ്കീമിന്റെ ഒരു പ്രധാന ലക്ഷ്യമായിരിക്കേണ്ടതാണ്.

[3] [3. സ്കീം പ്രകാരം എടുത്ത ജോലികൾ ഗ്രാമപ്രദേശങ്ങളിൽ ആയിരിക്കേണ്ടതും താഴെ പറയുന്നവയ്ക്ക് വിധേയമായിരിക്കേണ്ടതുമാണ്:—

(ക) ഓരോ ജോലിക്കും പ്രത്യേകമായ തിരിച്ചറിയൽ നമ്പർ നൽകേണ്ടതാണ്.

(ഖ) പണി കാർഡ് ഉള്ളതും ജോലി ആവശ്യപ്പെട്ടിരിക്കുന്നതുമായ ജോലിക്കാർ തന്നെ എല്ലാ ജോലികളും നിർവ്വഹിക്കേണ്ടതാണ്.

(ഗ) എൻ. ആർ. ഇ. ജി. എ. പദ്ധതികളിൽ 18 വയസ്സിൽ താഴെ പ്രായമുള്ള യാതൊരു വ്യക്തിയെയും ജോലി ചെയ്യുവാൻ അനുവദിക്കുവാൻ പാടില്ലാത്തതാണ്.

(ഘ) ഓരോ മസ്റ്റർ റോളിനും ഒരു പ്രത്യേകമായ തിരിച്ചറിയൽ നമ്പർ ഉണ്ടായിരിക്കേണ്ടതും പ്രോഗ്രാം ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മസ്റ്റർ റോളിന്റെ രൂപം ഭാരതസർക്കാർ വിനിർദ്ദേശിച്ച പ്രകാരമായിരിക്കേണ്ടതാണ്.

---

1. 2009 ജൂലൈ മാസം 22-ാം തീയതിയിലെ 1158-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 1824 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം ചേർത്തത്.

2. 2008 ജൂൺ മാസം 18-ാം തീയതിയിലെ 826-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 1489 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം കൂട്ടിച്ചേർത്തത്.

3. 2008 ഡിസംബർ മാസം 31-ാം തീയതിയിലെ 1827-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 3000 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം ചേർത്തത്.

(ങ) പ്രോഗ്രാം ആഫീസർ യഥാവിധി ഒപ്പിട്ടതും ശരിയായി നമ്പരിട്ടതുമായ മസ്റ്റർ റോളുകൾ ജോലിസ്ഥലത്ത് സൂക്ഷിക്കേണ്ടതാണ്. പ്രോഗ്രാം ആഫീസർ ഒപ്പിടാത്തതും ശരിയായി നമ്പരിടാത്തതുമായ ഏതെങ്കിലും മസ്റ്റർ റോൾ പ്രാധികാരപ്പെടുത്താത്തതായി കരുതപ്പെടേണ്ടതും ജോലിസ്ഥലത്ത് സൂക്ഷിക്കാൻ പാടില്ലാത്തതുമാണ്.

(ച) ജോലിക്കാർ അവരുടെ ഹാജരും സമ്പാദിക്കുന്നതായ വേതനത്തിന്റെ തുകയ്ക്കും ജോലിസ്ഥലത്തെ മസ്റ്റർ റോളിൽ മേലൊപ്പ് വയ്ക്കേണ്ടതാണ്.

(ഛ) മസ്റ്റർ റോളുകളുടെ വിശദമായ രേഖകൾ ഭാരതസർക്കാർ കാലാകാലങ്ങളിൽ നിർണ്ണയിച്ചതായിട്ടുള്ള രജിസ്റ്ററുകളിൽ സൂക്ഷിക്കേണ്ടതാണ്.

(ജ) ഒരു ജോലി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ആ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതായ ജോലിക്കാർ അവരുടെ ഇടയിൽനിന്നുതന്നെ ഓരോ ആഴ്ചയിലും ചാക്രിക അടിസ്ഥാനത്തിൽ, അഞ്ചിൽ കുറയാത്ത ജോലിക്കാരെ അവരുടെ ജോലിസ്ഥലത്തെ എല്ലാ ബില്ലുകളും/വൗച്ചറുകളും കുറഞ്ഞത് ആഴ്ചയിലൊരിക്കലെങ്കിലും പരിശോധിക്കുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും തെരഞ്ഞെടുക്കേണ്ടതാണ്.

(ഝ) പൊതുജനപരിശോധനയ്ക്കായി അനുമതിയുടെ/ജോലിയുടെ ഉത്തരവിന്റെ ഒരു പകർപ്പ് ജോലിസ്ഥലത്ത് ലഭ്യമായിരിക്കേണ്ടതാണ്.

(ഞ) ജോലിയുടെ അളവ് ജോലിസ്ഥലത്തിന്റെ ചുമതലയുള്ള സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥർ അളവ് ബുക്കുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

(ട) ഓരോ ജോലിയുടെ അളവിന്റെയും ജോലിക്കാരന്റെയും രേഖകൾ പൊതുജന പരിശോധനയ്ക്ക് ലഭ്യമായിരിക്കേണ്ടതാണ്.

(ഠ) ഓരോ ജോലിസ്ഥലത്തും ഒരു പൗരവിവര ബോർഡ് സ്ഥാപിക്കേണ്ടതും ഭാരത സർക്കാർ നിർണ്ണയിച്ചിട്ടുള്ള രീതിയിൽ മുറയ്ക്ക് പുതുക്കേണ്ടതുമാണ്.

(ഡ) ഏതെങ്കിലും വ്യക്തിക്ക് ആവശ്യാനുസരണം എല്ലാ ദിവസങ്ങളിലെയും എല്ലാ പ്രവൃത്തി സമയത്തും ജോലിസ്ഥലത്ത് മസ്റ്റർ റോളുകൾ പ്രാപ്യമാക്കുന്നതിന് സാദ്ധ്യമാകേണ്ടതാണ്.

(ഢ) ഭാരത സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി രൂപീകരിച്ച വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജോലികളും പരിശോധിക്കേണ്ടതും അതിന്റെ വിലയിരുത്തൽ റിപ്പോർട്ട് ഭാരതസർക്കാർ നിർണ്ണയിച്ച രൂപത്തിലുള്ള വർക്സ് രജിസ്റ്ററിൽ രേഖപ്പെടുത്തി സോഷ്യൽ ആഡിറ്റിംഗ് സമയത്ത് ഗ്രാമസഭയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.]

4. സംസ്ഥാനകൗൺസിൽ, വിവിധ പ്രദേശങ്ങളിലേക്കായി ശാശ്വത സമ്പാദ്യം ഉണ്ടാക്കുന്നതിനുള്ള മുൻഗണനാ ജോലികളുടെ ഒരു ലിസ്റ്റ് അവയുടെ കഴിവിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.

5. സ്കീമിൻകീഴിൽ ഉണ്ടാക്കപ്പെട്ട പൊതുസമ്പാദ്യങ്ങൾ ശരിയായി നിലനിറുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിനാൽ പുറപ്പെടുവിക്കപ്പെട്ട ചട്ടങ്ങൾപ്രകാരം പ്രതിപാദിക്കപ്പെടാവുന്ന ഉചിതമായ ക്രമീകരണങ്ങൾക്ക് സ്കീം വിധേയമായിരിക്കേണ്ടതാണ്.

6. യാതൊരു സാഹചര്യങ്ങളിലും തൊഴിലാളികൾക്ക്, കൂലി നിരക്കിനെക്കാൾ കുറച്ചു കൂലികൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

7. ജോലിയുടെ തോതുമായി കൂലി നേരിട്ടു ബന്ധപ്പെട്ടിരിക്കുമ്പോൾ, സംസ്ഥാന കൗൺസിലുമായി കൂടിയാലോചിച്ച്, സംസ്ഥാന സർക്കാർ ഓരോ വർഷവും വിവിധതരം ജോലികൾക്ക് നിശ്ചയിക്കുന്ന നിരക്കുകളുടെ പട്ടികയനുസരിച്ച് കൂലി നല്കേണ്ടതാണ്.

[1][8. (1) വിവിധ അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള കൂലികളുടെ നിരക്കുകളുടെ പട്ടിക ഒരു പ്രായപൂർത്തിയായ് വ്യക്തി ഒൻപത് മണിക്കൂർ ജോലിചെയ്യുമ്പോൾ സാധാരണയായി കിട്ടുന്ന കൂലിക്ക് തുല്യമായ കൂലിനിരക്കിൽ നിശ്ചയിക്കപ്പെടേണ്ടതാണ്.

(2) ഒരു പ്രായപൂർത്തിയായ തൊഴിലാളിയുടെ പ്രവൃത്തിദിവസങ്ങൾ വിശ്രമത്തിന്റെ ഇടവേളകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, ഉൾപ്പെടെ ഏതെങ്കിലും ദിവസത്തിൽ പന്ത്രണ്ട് മണിക്കൂറിൽ കൂടുതൽ നീണ്ടുപോകാതെ ക്രമീകരിക്കപ്പെടേണ്ടതാണ്.

8. ക. ഭരമേൽപ്പിക്കപ്പെട്ട ജോലിയെ അടിസ്ഥാനമാക്കിയുള്ള നിരക്കുകളുടെ പട്ടിക നിശ്ചയിക്കുന്നതിനുള്ള അടിസ്ഥാനം നിരക്കുകളുടെ പട്ടികയിൽ ലിംഗാടിസ്ഥാനത്തിലുള്ള വിവേചനമില്ലാതിരിക്കുമാറ് ഒരു ഗ്രൂപ്പിൽ ജോലി ചെയ്യുന്ന പുരുഷ-സ്ത്രീ തൊഴിലാളികൾ ചെയ്ത ജോലിയുടെ തോതിന്റെ ശരാശരി ആയിരിക്കുന്നതാണ്.]

9. വിദഗ്ദ്ധരും അർദ്ധ-വിദഗ്ദ്ധരുമായ തൊഴിലാളികളുടെ കൂലി ഉൾപ്പെടെ സ്കീമിൻകീഴിൽ ആരംഭിച്ച പദ്ധതികളുടെ വസ്തുഘടകങ്ങളുടെ വില പദ്ധതിച്ചെലവുകളുടെ ആകെ തുകയുടെ നാൽപതു ശതമാനത്തിൽ കൂടാൻ പാടില്ലാത്തതാകുന്നു.

10. പ്രോഗ്രാം ആഫീസറും ഗ്രാമപഞ്ചായത്തും, സ്കീമിൻകീഴിൽ തൊഴിലിനുവേണ്ടി അപേക്ഷിച്ച ഏതൊരു വ്യക്തിയെയും, അതിൻകീഴിൽ അനുവദനീയമായ ഏത് തരം ജോലിയും ചെയ്യുന്നതിന് നിർദ്ദേശം നല്കേണ്ടതാണ്.

11. സ്കീം, അതിൻകീഴിലുള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി ഏതെങ്കിലും കരാറുകാരനെ നിയോഗിക്കുന്നത് അനുവദിക്കാൻ പാടില്ലാത്തതാകുന്നു.

12. പ്രായോഗികമാകുന്നിടത്തോളം, സ്കീമിൻകീഴിൽ ധനസഹായം നല്കിയിട്ടുള്ള ഒരു ജോലി, കായികാദ്ധ്വാനത്തിൽ അല്ലാതെ യന്ത്രങ്ങൾ ഉപയോഗിച്ച് ചെയ്യാൻ പാടില്ലാത്തതാണ്.

[2][13. ഓരോ സ്കീമും താഴെ പറഞ്ഞിരിക്കുന്നപോലെ നടപ്പാക്കലിന്റെ എല്ലാ തലങ്ങളിലും സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനുള്ള പര്യാപ്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതായിരിക്കണം.

(ക) പ്രത്യേക താൽപ്പര്യമെടുത്തുള്ള വെളിപ്പെടുത്തൽ—

(i) ജോലിസ്ഥലത്ത് പ്രത്യേക താൽപര്യമെടുത്തുള്ള വെളിപ്പെടുത്തൽ പൗരവിവര ബോർഡുകൾവഴി വിവരങ്ങൾ പ്രദർശിപ്പിക്കുന്നതും ദിവസത്തിന്റെ അവസാനം ഹാജർ, ചെയ്ത ജോലി, കൊടുത്ത വേതനം എന്നിവയെ സംബന്ധിച്ച വിവരം മസ്റ്റർ റോളിൽനിന്നും ജോലിക്കാരുടെ സാന്നിദ്ധ്യത്തിൽ പ്രാധികാരപ്പെടുത്തിയ വ്യക്തി വായിക്കുകവഴിയും ആയിരിക്കേണ്ടതാണ്. ജോലിയുടെ അളവെടുക്കുമ്പോൾ അളവ് ബുക്കിലുള്ള അളവുകളും ജോലിക്കാരുടെ മുൻപാകെ വായിക്കേണ്ടതാണ്.

(ii) ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പ്രോഗ്രാം ആഫീസിലും പ്രത്യേക താൽപര്യമെടുത്തുള്ള വെളിപ്പെടുത്തൽ, വിവരങ്ങൾ ബോർഡുകളിൽ പ്രദർശിപ്പിക്കുക വഴി ആയിരിക്കേണ്ടതും കുറഞ്ഞത് തൊഴിലിന്റെ വ്യവസ്ഥ, സ്വീകരിച്ച ഫണ്ടുകളും ചെലവുകളും, അംഗീകരിച്ച പ്രോജക്റ്റുകളുടെ ഷെൽഫ് എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങളെങ്കിലും ഉൾക്കൊള്ളുന്നതായിരിക്കേണ്ടതുമാണ്.

(iii) ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഭാരത സർക്കാർ നിർണ്ണയിച്ചതായ ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റിനായുള്ള വെബ്സൈറ്റ്വഴിയുള്ള പബ്ലിക് ഡൊമൈനിൽ ഉൾപ്പെടുത്തേണ്ടതും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്ന ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമായിരിക്കേണ്ടതുമാണ്.

---

1. 2008 ജനുവരി മാസം 14-ാം തീയതിയിലെ 64-ാം നമ്പർ ഭാരത ഗസറ്റിലെ എസ്. ഒ. 88 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം ചേർത്തത്.

2. 2008 ഡിസംബർ മാസം 31-ാം തീയതിയിലെ 1827-ാം നമ്പർ ഭാരത ഗസറ്റിലെ എസ്. ഒ. 3000 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം ചേർത്തത്.

(ഖ) സോഷ്യൽ ആഡിറ്റ്—

(i) ഏറ്റവും കുറഞ്ഞത് ആറ് മാസത്തിലൊരിക്കലെങ്കിലും സോഷ്യൽ ആഡിറ്റ് നടത്തേണ്ടതാണ്.

(ii) സോഷ്യൽ ആഡിറ്റിനെക്കുറിച്ചുള്ള അറിയിപ്പ് ജില്ലാപ്രോഗ്രാം കോ-ഓർഡിനേറ്ററോ പ്രോഗ്രാം ആഫീസറോ ഏറ്റവും കുറഞ്ഞത് മുപ്പത് ദിവസങ്ങൾക്ക് മുൻപെങ്കിലും നൽകേണ്ടതാണ്.

(iii) ഗ്രാമസഭയാലുള്ള ഓരോ സോഷ്യൽ ആഡിറ്റിനുംവേണ്ടി ആ ഗ്രാമസഭ, അതിൽനിന്നുംതന്നെ അതേ ഗ്രാമപഞ്ചായത്തുകളിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ആക്റ്റിൻകീഴിൽ നടപ്പിലുള്ളതോ/മുൻപുണ്ടായിരുന്നതോ ആയ ജോലികളിൽ ജോലി ചെയ്തിട്ടുള്ള ജോലിക്കാരുടെ സോഷ്യൽ ആഡിറ്റ് കമ്മിറ്റിയെ തെരഞ്ഞെടുക്കേണ്ടതും സോഷ്യൽ ആഡിറ്റ് കമ്മിറ്റിയുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ സ്ത്രീകളായിരിക്കേണ്ടതുമാണ്.

(iv) ഗ്രാമപഞ്ചായത്തിന്റെ അധികാരിതയ്ക്കുവേണ്ടി നടപ്പിലാക്കുന്ന ഏജൻസികളുടെ ജോലികളുടെ പ്രസക്തമായ എല്ലാ രേഖകളും, ജോലികളുടെ മൊത്തം ഫയലുകളോ അവയുടെ പകർപ്പുകളോ ഉൾപ്പെടെ, ആ ഗ്രാമപഞ്ചായത്തിൽ പരിശോധനയ്ക്ക് ലഭ്യമാണെന്ന് പ്രോഗ്രാം ആഫീസർ ഉറപ്പാക്കേണ്ടതാണ്.

(v) സോഷ്യൽ ആഡിറ്റ് കമ്മിറ്റിക്ക് ആവശ്യമായ എല്ലാ വിവരങ്ങളും രേഖകളും ഗ്രാമപഞ്ചായത്ത് ഏറ്റവും കുറഞ്ഞത് 15 ദിവസങ്ങൾക്ക് മുൻപെങ്കിലും ഹാജരാക്കേണ്ടതാണ്.

(vi) സോഷ്യൽ ആഡിറ്റ് കമ്മിറ്റി എല്ലാ രേഖകളും വിവരങ്ങളും പരിശോധിക്കുന്നതാണ്. ഏതെങ്കിലും വ്യക്തിക്ക് പ്രസക്തമെന്നു കരുതുന്ന ഏതെങ്കിലും വിവരം സോഷ്യൽ ആഡിറ്റ് കമ്മിറ്റിക്ക് സമർപ്പിക്കാവുന്നതാണ്.

(vii) പ്രോഗ്രാം ആഫീസർ എല്ലാ പൊതുജനപ്രതിനിധികളെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ് നടപ്പിലാക്കുന്ന ബന്ധപ്പെട്ട സ്റ്റാഫിനെയും പ്രക്രിയയെക്കുറിച്ച് അവർ അറിഞ്ഞിരിക്കുന്നതിനും സോഷ്യൽ ആഡിറ്റിൽ ഹാജരായിരിക്കുന്നത് ഉറപ്പാക്കുന്നതിനുംവേണ്ടി വളരെ മുൻപേതന്നെ ലിഖിതമായി അറിയിക്കേണ്ടതാണ്.

(viii) സോഷ്യൽപോഗ്രാം ആഡിറ്റ് കമ്മിറ്റി അതിന്റെ കണ്ടെത്തലുകൾ ഗ്രാമസഭയിൽ പരസ്യമായി വായിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിവരങ്ങൾ തേടുന്നതിനും നേടുന്നതിനും രേഖകൾ പരിശോധിക്കുന്നതിനും ജനങ്ങൾക്ക് ഒരു അവസരം നൽകേണ്ടതുമാണ്.

(ix) ഓരോ സോഷ്യൽ ആഡിറ്റിന്റെയും ആരംഭത്തിൽ മുൻ സോഷ്യൽ ആഡിറ്റുമായി ബന്ധപ്പെട്ട് എടുത്ത നടപടിയുടെ റിപ്പോർട്ട് വായിക്കേണ്ടതാണ്.

(x) സെക്രട്ടറി മിനിറ്റ്സ് രേഖപ്പെടുത്തേണ്ടതും സോഷ്യൽ ആഡിറ്റിന് മുൻപും പൂർത്തിയായതിനുശേഷവും പങ്കെടുക്കുന്നവരെല്ലാം ഒപ്പിടേണ്ടതുമാണ്. ഏതെങ്കിലും ഭിന്നാഭിപ്രായവും/ആക്ഷേപങ്ങളും പരിഗണിക്കേണ്ടതും മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(xi) സോഷ്യൽ ആഡിറ്റ് പൊതുജന പങ്കാളിത്തത്തിനായി ലഭ്യമാക്കേണ്ടതാണ്. ഗ്രാമസഭയിൽപ്പെടാത്ത പുറത്തുള്ള ഏതെങ്കിലും പ്രത്യേക വ്യക്തിയെ സോഷ്യൽ ആഡിറ്റിന്റെ നടപടികളിൽ ഇടപെടാതെ സോഷ്യൽ ആഡിറ്റിൽ നിരീക്ഷകരായി പങ്കെടുക്കുവാൻ അനുവദിക്കേണ്ടതാണ്.

(xii) സോഷ്യൽ ആഡിറ്റ് വിളിച്ചുകൂട്ടി ഒരു മാസത്തിനകം എടുത്ത എല്ലാ നടപടികളുടെ റിപ്പോർട്ടുകളും ഫയൽ ചെയ്യേണ്ടതാണ്.

(xiii) ആക്റ്റിന്റെ ലംഘനവുമായി ബന്ധപ്പെട്ട എല്ലാ കണ്ടെത്തലുകളും പരാതിയായി കണക്കാക്കേണ്ടതും കണ്ടെത്തലുകളിലെ ഏതൊരു തർക്കത്തെക്കുറിച്ചും അന്വേഷണം നടത്തേണ്ടതുമാണ്.

(xiv) ഏതെങ്കിലും ഫണ്ട് വകമാറ്റലിന് തുടർച്ചയായി ബന്ധപ്പെട്ട ആൾക്കെതിരെ നടപടിയുണ്ടാകേണ്ടതും ഫണ്ടിന്റെ തിരിച്ചുപിടിക്കൽ ത്വരിതപ്പെടുത്തേണ്ടതുമാണ്.

(xv) സർക്കാർ ആഡിറ്റർ ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ സ്കീമിന്റെ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നതിന് മുൻപായി ഒരു സോഷ്യൽ ആഡിറ്റിൽ ഉന്നയിച്ച സാമ്പത്തിക ക്രമക്കേടുകളെയോ ദുർവിനിയോഗത്തെയോ സംബന്ധിക്കുന്ന ഏത് പരാതിയും കണക്കുകൾ സാക്ഷ്യപ്പെടുത്തുന്ന വേളയിൽ നടപടിയ്ക്കെടുക്കേണ്ടതാണ്.]

14. ജോലിയുടെ ശരിയായ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും അതുപോലെതന്നെ പൂർത്തീകരിച്ച ജോലിക്ക് നൽകിയ ആകെ കൂലി, ചെയ്ത ജോലിയുടെ ഗുണനിലവാരത്തിനും തോതിനും ആനുപാതികമാണെന്ന് ഉറപ്പുവരുത്തുന്നതിനും സ്കീമിൻകീഴിൽ ആരംഭിച്ച ജോലികളുടെ നിരന്തരമായ പരിശോധനയ്ക്കും മേൽനോട്ടത്തിനുമുള്ള വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്.

15. സ്കീം നടപ്പിലാക്കുന്ന ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററും, പ്രോഗ്രാം ആഫീസറും ഗ്രാമപഞ്ചായത്തും അദ്ദേഹത്തിന്റെയോ അതിന്റെയോ അധികാരപരിധിക്കുള്ളിലെ സ്കീമിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട വസ്തുതകളും കണക്കുകളും നേട്ടങ്ങളും ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് വർഷംതോറും തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് ആവശ്യപ്പെടുമ്പോഴും സ്കീമിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് കൊടുക്കുന്നതിൻമേലും പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

[1][16. സ്കീമിനെ സംബന്ധിക്കുന്ന എല്ലാ കണക്കുകളും രേഖകളും പൊതുജനങ്ങൾക്ക് ചെലവില്ലാതെ തന്നെ സൂക്ഷ്മപരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതിൽനിന്നും ഒരു പകർപ്പോ പ്രസക്തഭാഗങ്ങളോ ലഭിക്കുന്നതിന് ആഗ്രഹിക്കുന്ന ഏതെങ്കിലും വ്യക്തിയ്ക്ക് അങ്ങനെയുള്ള പകർപ്പുകളോ പ്രസക്ത ഭാഗങ്ങളോ ആവശ്യപ്പെടുന്നതിൻമേൽ അപേക്ഷയുടെ സമയം മുതൽ മൂന്ന് പ്രവർത്തി ദിവസങ്ങൾക്കപ്പുറമാകാതെയും സ്കീമിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ഫീസ് അടച്ചതിനുശേഷവും നൽകാവുന്നതാണ്.]

17. ഓരോ സ്കീമിന്റെയും അല്ലെങ്കിൽ ഒരു സ്കീമിൻകീഴിലുള്ള പ്രോജക്റ്റിന്റെയും മസ്റ്റർ റോളുകളുടെ ഒരു പകർപ്പ് ഗ്രാമപഞ്ചായത്തിന്റെയും പ്രോഗ്രാം ആഫീസറുടേയും ആഫീസുകളിൽ, ഈ സ്കീമിൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള ഫീസ് നൽകിയതിനുശേഷം താൽപര്യമുള്ള ഏതെങ്കിലും വ്യക്തിയ്ക്ക് സൂക്ഷ്മ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

---

[1] 2008 ഡിസംബർ മാസം 31-ാം തീയതിയിലെ 1827-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 3000 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം ചേർത്തത്.

പട്ടിക II

[5-ാം വകുപ്പ് കാണുക]

## ഒരു സ്കീമിൻകീഴിൽ ഗ്രാമീണ തൊഴിലുറപ്പാക്കലിനുള്ള ഉപാധികളും തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ അവകാശങ്ങളും

1. ഓരോ കുടുംബത്തിലെയും:—

(i) ഏതെങ്കിലും ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന, കൂടാതെ

(ii) അവിദഗ്ദ്ധ കൈവേല ചെയ്യുന്നതിന് സമ്മതമുള്ള,

പ്രായപൂർത്തിയായ അംഗങ്ങൾക്ക് അവരുടെ പേരുകളും വയസ്സും കുടുംബാംഗങ്ങളുടെ മേൽവിലാസവും അവർ താമസിക്കുന്ന അധികാരിതയിലെ വില്ലേജ് തലത്തിലുള്ള ഗ്രാമ പഞ്ചായത്തിന് (ഇതിന് ശേഷം ഈ പട്ടികയിൽ ഗ്രാമപഞ്ചായത്ത് എന്നാണ് പരാമർശിക്കപ്പെടുക) ഒരു പണി കാർഡ് നൽകുന്നതിന് അവരുടെ കുടുംബാംഗങ്ങളുടെ രജിസ്ട്രേഷനുവേണ്ടി സമർപ്പിക്കാവുന്നതാണ്.

[1] [2. (1) അതിന് യുക്തമെന്ന് തോന്നുന്നതായ അങ്ങനെയുള്ള അന്വേഷണം നടത്തിയ ശേഷം കുടുംബത്തെ രജിസ്റ്റർ ചെയ്യുന്നതും കുടുംബത്തിലെ രജിസ്റ്റർ ചെയ്ത പ്രായപൂർത്തിയായ അംഗങ്ങൾക്ക് താഴെപറയുന്ന ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പണി കാർഡ് നൽകുന്നതും ഗ്രാമപഞ്ചായത്തിന്റെ കർത്തവ്യമാണ്, അതായത്:—

(i) പണി കാർഡ് നമ്പർ;

(ii) കുടുംബത്തിലെ അംഗങ്ങൾക്കനുസരിച്ചുള്ള തൊഴിലിന്റെ ആവശ്യപ്പെടലും വിഭജിച്ച് കൊടുക്കലും;

(iii) ചെയ്ത ജോലിയുടെ വിവരണം;

(iv) ജോലി ചെയ്ത തീയതികളും ദിവസങ്ങളും;

(v) കൂലി നൽകിയ മസ്റ്റർ റോളിന്റെ നമ്പരുകൾ;

(vi) നൽകിയ കൂലിയുടെ തുക;

(vii) തൊഴിലില്ലായ്മബത്ത, ഏതെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ;

(viii) തപാൽ അക്കൗണ്ട്/ബാങ്ക് അക്കൗണ്ട് നമ്പർ;

(ix) ഇൻഷ്വറൻസ് പോളിസി നമ്പർ; കൂടാതെ

(x) നിയോജകന്റെ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് നമ്പർ, വോട്ടർമാരുടെ തിരിച്ചറിയൽ ഏതെങ്കിലും ഉണ്ടെങ്കിൽ അതും.

(2) പണി കാർഡിലെ ഉൾക്കുറിപ്പുകൾ ഒരു പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കൈയൊപ്പിനാൽ യഥാവിധി പ്രമാണീകരിച്ചിരിക്കേണ്ടതാണ്.

(3) (1)-ാം ഉപഖണ്ഡിക പ്രകാരം നൽകിയ പണി കാർഡിൽ കുടുംബത്തിലെ രജിസ്റ്റർ ചെയ്ത പ്രായപൂർത്തിയായ അംഗങ്ങളിൽ ആർക്കാണോ പണി കാർഡ് നൽകിയിരിക്കുന്നത് അവരുടെ മാത്രം ഫോട്ടോ ഉണ്ടായിരിക്കേണ്ടതാണ്.

(4) കുടുംബത്തിലെ രജിസ്റ്റർ ചെയ്ത പ്രായപൂർത്തിയായ അംഗങ്ങളിൽ ആരുടേതാണോ ആ പണി കാർഡ് അവരുടേതല്ലാതെ മറ്റേതെങ്കിലും വ്യക്തികളുടെ ഫോട്ടോ, പേര് അല്ലെങ്കിൽ വിവരങ്ങൾ പണി കാർഡിൽ പതിയ്ക്കുവാനോ രേഖപ്പെടുത്തുവാനോ പാടില്ലാത്തതാണ്.

---

[1] 2008 ഏപ്രിൽ മാസം 2-ാം തീയതിയിലെ 440-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 802 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പുകരം ചേർത്തത്.

(5) എല്ലാ പണി കാർഡുകളും ഏതു പണി കാർഡ് ഉടമകളുടേതാണോ അവരുടെ കൈവശം ഇരിക്കേണ്ടതാണ്.]

3. 2-ാം ഖണ്ഡികപ്രകാരം നടത്തപ്പെട്ട രജിസ്ട്രേഷൻ, സ്കീമിൽ പ്രതിപാദിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള കാലയളവിലേക്കും, എന്നാൽ ഏതൊരു സംഗതിയിലും അഞ്ചു വർഷത്തിൽ കുറയാതെയും, കാലാകാലങ്ങളിൽ പുതുക്കപ്പെടാവുന്നതാണ്.

4. രജിസ്റ്റർ ചെയ്യപ്പെട്ട ഒരു കുടുംബത്തിലെ പണി കാർഡിൽ പേരുള്ള പ്രായപൂർത്തിയായ ഓരോ അംഗവും സ്കീമിൻകീഴിൽ അവിദഗ്ദ്ധ കൈവേലയ്ക്ക് അപേക്ഷിക്കാൻ അർഹനായിരിക്കുന്നതാണ്.

5. ഒരു കുടുംബത്തിലെ രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ വ്യക്തികളും, ഈ ആക്റ്റിലെ വ്യവസ്ഥകൾപ്രകാരം ഉണ്ടാക്കപ്പെട്ട സ്കീമനുസരിച്ചുള്ള തൊഴിലിന്, ഒരു നിർദ്ദിഷ്ട സാമ്പത്തിക വർഷത്തിൽ പരമാവധി നൂറു ദിവസം എന്നതിന് വിധേയമായി, ഓരോ അപേക്ഷകനും അപേക്ഷിക്കാവുന്ന അത്രയും ദിവസം അർഹനായിരിക്കുന്നതാണ്.

6. പ്രോഗ്രാം ആഫീസർ, 5-ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ഓരോ അപേക്ഷകനും, ഒരു അപേക്ഷ ലഭിച്ച് പതിനഞ്ചു ദിവസത്തിനുള്ളിലോ മുൻകൂർ അപേക്ഷയുടെ സംഗതിയിൽ അയാൾ ജോലി തേടുന്ന തീയതി മുതലോ, അവയിൽ ഏതാണ് അവസാനം സംഭവിക്കുന്നത്, സ്കീമിലെ വ്യവസ്ഥകൾക്കനുസൃതമായി അവിദഗ്ദ്ധ കൈവേല നൽകപ്പെടുമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്:

എന്നാൽ ഈ ആക്റ്റ് പ്രകാരം ജോലിക്കുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ളവരും അപേക്ഷിച്ചിട്ടുള്ളവരുമായ ഗുണഭോക്താക്കളിൽ ഏറ്റവും കുറഞ്ഞത് മൂന്നിലൊന്ന് സ്ത്രീകളായിരിക്കത്തക്ക വിധം സ്ത്രീകൾക്ക് മുൻഗണന നൽകേണ്ടതാണ്.

7. ജോലിക്കുവേണ്ടിയുള്ള അപേക്ഷകൾ, ഏറ്റവും കുറഞ്ഞത് പതിനാലു ദിവസത്തെ തുടർച്ചയായ ജോലിക്കുള്ളതായിരിക്കേണ്ടതാണ്.

8. ഒരു വ്യക്തിക്ക് അപേക്ഷിക്കാവുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ കുടുംബത്തിന്റെ ആകെയുള്ള അവകാശത്തിനു വിധേയമായി, അയാൾക്ക് യഥാർത്ഥത്തിൽ നൽകപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണത്തിനോ പരിധിയുണ്ടായിരിക്കുന്നതല്ല.

9. ജോലിക്കുവേണ്ടിയുള്ള അപേക്ഷകൾ, സ്കീമിൽ വിനിർദ്ദേശിക്കപ്പെടാവുന്നവിധം ഗ്രാമപഞ്ചായത്തിനോ പ്രോഗ്രാം ആഫീസർക്കോ എഴുതി സമർപ്പിക്കാവുന്നതാണ്.

10. ഗ്രാമപഞ്ചായത്തും പ്രോഗ്രാം ആഫീസറും, അതത് സംഗതിപോലെ, സാധുവായ അപേക്ഷകൾ സ്വീകരിക്കാനും അപേക്ഷകന് തീയതി വച്ച രസീത് നൽകാനും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കൂട്ടായ അപേക്ഷകളുംകൂടി സമർപ്പിക്കാവുന്നതാണ്.

11. ജോലി നൽകപ്പെടുന്ന അപേക്ഷകരെ രേഖാമൂലം പണി കാർഡിൽ കൊടുത്തിട്ടുള്ള മേൽവിലാസത്തിൽ അയാൾക്ക് ഒരു കത്ത് അയച്ചും ജില്ലാതലത്തിലോ മദ്ധ്യതലത്തിലോ ഗ്രാമതലത്തിലോ ഉള്ള പഞ്ചായത്തുകളുടെ ആഫീസിൽ ഒരു പൊതു നോട്ടീസ് പ്രദർശിപ്പിച്ചും അപ്രകാരം അറിയിക്കേണ്ടതാണ്.

12. കഴിയുന്നിടത്തോളം, അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകൻ താമസിക്കുന്ന ഗ്രാമത്തിന്റെ അഞ്ചു കിലോമീറ്റർ വ്യാസാർദ്ധത്തിനുള്ളിൽ തൊഴിൽ നൽകേണ്ടതാണ്.

[1] [13. ഏറ്റവും കുറഞ്ഞത് പത്ത് തൊഴിലാളികൾ ജോലിക്ക് ലഭ്യമായിരുന്നാൽ സ്കീമിൻകീഴിൽ ഒരു പുതിയ ജോലി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.]

---

[1] 2007 മാർച്ച് മാസം 6-ാം തീയതിയിലെ 231-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 324 (ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം ചേർത്തത്.

14. അങ്ങനെയുള്ള വൃത്താകാരപ്രദേശത്തിന് പുറത്ത് തൊഴിൽ നൽകപ്പെടുന്ന സംഗതികളിൽ, അത് ബ്ലോക്കിനുള്ളിൽ നൽകേണ്ടതും, തൊഴിലാളികൾക്ക് അധികകൂലിയായി കൂലി നിരക്കിന്റെ പത്തു ശതമാനം കൂടുതലായുള്ള പരിവഹണവും ജീവിതച്ചെലവും വഹിക്കുന്നതിന് നൽകേണ്ടതുമാണ്.

15. സാധാരണയായി തൊഴിലിന്റെ ഒരു കാലയളവ് ഒരാഴ്ചയിൽ ആറ് ദിവസത്തിൽ കൂടാതെ തുടർച്ചയായി ഏറ്റവും കുറഞ്ഞത് പതിനാലു ദിവസമായിരിക്കേണ്ടതാണ്.

16. തൊഴിലില്ലായ്മബത്ത നൽകപ്പെടുന്നതോ നൽകപ്പെടേണ്ടതോ ആയ എല്ലാ സംഗതികളിലും, പ്രോഗ്രാം ആഫീസർ, അപേക്ഷകർക്ക് തൊഴിൽ നൽകുന്നതിനോ തൊഴിൽ നൽകുന്നതിനിടയാക്കുകയോ ചെയ്യുന്നതിന് അദ്ദേഹത്തിന് സാധിക്കാതിരുന്നതിനുള്ള കാരണങ്ങൾ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററെ, രേഖാമൂലം അറിയിക്കേണ്ടതാണ്.

17. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ, സംസ്ഥാന കൗൺസിലിനുള്ള അദ്ദേഹത്തിന്റെ വാർഷിക റിപ്പോർട്ടിൽ, തൊഴിലില്ലായ്മബത്ത നൽകൽ ഉൾപ്പെട്ട സംഗതികളിൽ തൊഴിൽ നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാണ്.

18. മുൻകൂർ അപേക്ഷകൾക്കുള്ള വ്യവസ്ഥ സ്കീമിൽ ഉണ്ടാക്കേണ്ടതാണ്, അതായത്, തൊഴിൽ തേടുന്ന തീയതി മുതൽ അപേക്ഷകൾ മുൻകൂറായി സമർപ്പിക്കാവുന്നതാണ്.

19. ഒരേ ആൾ തന്നെ അനേകം അപേക്ഷകൾ സമർപ്പിക്കുന്നതിനായി സ്കീമിൽ വ്യവസ്ഥയുണ്ടാക്കേണ്ടതും, എന്നാൽ തൊഴിൽ തേടുന്ന തത്തുല്യമായ കാലയളവുകൾ കവിയാൻ പാടില്ലാത്തതുമാകുന്നു.

20. ഗ്രാമപഞ്ചായത്ത്, അത് നൽകിയ പണി കാർഡുകൾ പാസ്സ് ബുക്കുകൾ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കുടുംബത്തിലെ കുടുംബത്തലവന്റെയും കുടുംബത്തിലെ പ്രായപൂർത്തിയായ അംഗങ്ങളുടെയും പേര്, വയസ്സ്, മേൽവിലാസം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങുന്ന അങ്ങനെയുള്ള രജിസ്റ്ററുകളും വൗച്ചറുകളും മറ്റുരേഖകളും സ്കീമിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള രീതിയിലും തയ്യാറാക്കുകയും സൂക്ഷിക്കുകയും അല്ലെങ്കിൽ തയ്യാറാക്കുന്നതിനും സൂക്ഷിക്കുന്നതിനും ഇടയാക്കേണ്ടതുമാണ്.

21. ഗ്രാമപഞ്ചായത്ത്, അത് രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെയും അവയിലെ പ്രായപൂർത്തിയായ അംഗങ്ങളുടെയും പേരുകളുടെയും മേൽവിലാസങ്ങളുടെയും അങ്ങനെയുള്ള ലിസ്റ്റോ ലിസ്റ്റുകളോ അയയ്ക്കേണ്ടതും സ്കീമിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള കാലയളവുകളിലും അങ്ങനെയുള്ള മാതൃകയിലും അങ്ങനെയുള്ള മറ്റു വിവരം ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

22. ജോലി നൽകപ്പെട്ട വ്യക്തികളുടെ ഒരു ലിസ്റ്റ്, ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും പ്രോഗ്രാം ആഫീസറുടെ ആഫീസിലും, പ്രോഗ്രാം ആഫീസർ ആവശ്യമെന്നു കരുതാവുന്ന അങ്ങനെയുള്ള മറ്റു സ്ഥലങ്ങളിലും പ്രദർശിപ്പിക്കേണ്ടതും ആ ലിസ്റ്റ് സംസ്ഥാന സർക്കാരിനും താൽപ്പര്യമുള്ള ഏതൊരു വ്യക്തിക്കും പരിശോധനയ്ക്കായി പ്രാപ്യമാക്കേണ്ടതുമാണ്.

23. ഗ്രാമപഞ്ചായത്തിന്, ഒരാൾ തെറ്റായ വിവരം നൽകിക്കൊണ്ട് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് എപ്പോഴെങ്കിലും ബോദ്ധ്യപ്പെടുകയാണെങ്കിൽ, അയാളുടെ പേര് രജിസ്റ്ററിൽ നിന്നും വെട്ടിക്കളയുന്നതിന് നിർദ്ദേശം നൽകുന്നതിനും അപേക്ഷകനോട് പണി കാർഡ് തിരിച്ചേൽപ്പിക്കുവാൻ ആവശ്യപ്പെടുന്നതിനും, അതിന് പ്രോഗ്രാം ആഫീസറോട് നിർദ്ദേശിക്കാവുന്നതാണ്:

എന്നാൽ ഈ ഖണ്ഡികപ്രകാരം യാതൊരു നടപടിയും രണ്ടു സ്വതന്ത്ര വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ അപേക്ഷകനെ കേൾക്കപ്പെടുന്നതിന് ഒരു അവസരം നൽകിയിട്ടല്ലാതെ നിർദ്ദേശിക്കുവാൻ പാടുള്ളതല്ല.

24. സ്കീമിൻകീഴിൽ നിയോജിക്കപ്പെട്ട ഏതെങ്കിലും വ്യക്തിക്ക് അയാളുടെ നിയോജനത്തിൽ നിന്നും അതിനിടയിലും ഉൽഭവിക്കുന്ന അപകടംമൂലം എന്തെങ്കിലും ശാരീരികമായ ക്ഷതം ഉളവാകുന്നുവെങ്കിൽ, സ്കീമിൻകീഴിൽ അനുവദിക്കപ്പെടാവുന്ന അങ്ങനെയുള്ള സൗജന്യവൈദ്യ ചികിൽസയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

25. ക്ഷതമേറ്റ ജോലിക്കാരനെ ആശുപത്രിയിൽ കിടത്തി ചികിൽസിപ്പിക്കേണ്ടതായ ആവശ്യമുള്ളിടത്ത്, സംസ്ഥാനസർക്കാർ, താമസസൗകര്യവും ചികിൽസയും മരുന്നുകളും ക്ഷതമേറ്റയാൾ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ടായിരുന്നാൽ നൽകപ്പെടേണ്ടിയിരുന്ന കൂലിനിരക്കിന്റെ പകുതിയിൽ കുറയാത്ത ദിനബത്ത നൽകൽ ഉൾപ്പെടെ ആശുപത്രിയിൽ അത്തരം കിടത്തി ചികിൽസിക്കലും ഏർപ്പാടാക്കേണ്ടതാണ്.

26. ഒരു സ്കീമിൻകീഴിൽ നിയോജിക്കപ്പെട്ട ഒരു വ്യക്തി നിയോജനത്തിൽ നിന്നും അതിനിടയിലും ഉൽഭവിക്കുന്ന അപകടംമൂലം മരിക്കുകയോ സ്ഥിരമായി അംഗവൈകല്യമുള്ള തായി തീരുകയോ ചെയ്യുന്നുവെങ്കിൽ, അയാൾക്ക്, നടപ്പാക്കൽ ഏജൻസി ഇരുപത്തി അയ്യായിരം രൂപ നിരക്കിൽ എക്സ്ഗ്രേഷ്യാ പണമോ കേന്ദ്രസർക്കാരിനാൽ വിജ്ഞാപനം ചെയ്യപ്പെടാവുന്ന അങ്ങനെയുള്ള തുകയോ നൽകേണ്ടതും, ആ തുക മരിച്ചുപോയ ആളിന്റെ നിയമപരമായ അവകാശികൾക്കോ വികലാംഗനായ ആളിനോ, അതത് സംഗതിപോലെ, നൽകേണ്ടതുമാണ്.

27. സുരക്ഷിതമായ കുടിവെള്ളത്തിനും കുട്ടികൾക്കുള്ള തണലിനും വിശ്രമ കാലയളവു കൾക്കായുള്ള സൗകര്യങ്ങളും ചെറിയ ക്ഷതങ്ങൾക്കും ചെയ്യപ്പെടുന്ന ജോലിയുമായി ബന്ധപ്പെട്ട ആരോഗ്യത്തിനുള്ള മറ്റ് അപകടസാദ്ധ്യതകൾക്കുമുള്ള അടിയന്തിര ചികിൽസയ്ക്ക് പര്യാപ്തമായ സാമഗ്രികളോടുകൂടിയ ഫസ്റ്റ് എയ്ഡ് ബോക്സും ജോലി സ്ഥലത്ത് നൽകേണ്ടതാണ്.

28. ഏതെങ്കിലും സ്ഥലത്ത് ജോലി ചെയ്യുന്ന സ്ത്രീകളോടൊപ്പമുള്ള ആറു വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം അഞ്ചോ അതിലധികമോ ആകുന്ന സംഗതിയിൽ, അങ്ങനെയുള്ള കുട്ടികളെ പരിപാലിക്കുന്നതിന് അങ്ങനെയുള്ള സ്ത്രീ തൊഴിലാളികളിൽ ഒരാളെ നിയോഗിക്കുവാൻ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്.

29. 28-ാം ഖണ്ഡിക പ്രകാരം നിയോഗിക്കപ്പെട്ട വ്യക്തിക്ക് കൂലിനിരക്ക് നൽകേണ്ടതാണ്.

30. സ്കീമിൻകീഴിൽ വിനിർദ്ദേശിക്കപ്പെട്ട കാലയളവിനുള്ളിൽ കൂലി നൽകാത്ത സംഗതിയിൽ, കൂലി കൊടുക്കൽ ആക്റ്റ്, 1936 (1936-ലെ 4)-ലെ വ്യവസ്ഥകൾ അനുസരിച്ച് നഷ്ട പരിഹാരം ലഭിക്കാൻ തൊഴിലാളികൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

[1][31. കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കൂലി നൽകൽ ബാങ്കുകളിലോ പോസ്റ്റ് ആഫീസുകളിലോ തുറന്ന തൊഴിലാളികളുടെ വ്യക്തിഗതമോ സംയുക്തമോ ആയ സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ വഴി നടത്തേണ്ടതാണ്.

32. നീക്കം ചെയ്തു]

33. ഒരു സ്കീമിൻകീഴിൽ നിയോജിക്കപ്പെട്ട ഏതെങ്കിലും വ്യക്തിക്കൊപ്പമുള്ള ഒരു കുട്ടിക്ക് അപകടംമൂലം ഏതെങ്കിലും ശാരീരികമായ ക്ഷതം സംഭവിക്കുകയാണെങ്കിൽ, അങ്ങനെയുള്ള വ്യക്തി, കുട്ടിക്ക് സ്കീമിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള അത്തരം വൈദ്യചികിത്സയ്ക്കും, മരിക്കുകയോ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന സംഗതിയിൽ, സംസ്ഥാനസർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള ഒരു എക്സ്ഗ്രേഷ്യാ പണം നൽകലിന് അർഹനായിരിക്കുന്നതാണ്.

34. സ്കീമിൻകീഴിലുള്ള ഓരോ തൊഴിലിന്റെയും സംഗതിയിൽ, ലിംഗപരമായ കാരണത്താൽ മാത്രം യാതൊരു വിവേചനവും ഉണ്ടാകാൻ പാടില്ലാത്തതും തുല്യ വേതന ആക്റ്റ്, 1976 (1976-ലെ 25)-ലെ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

---

[1] 2009 ഫെബ്രുവരി മാസം 19-ാം തീയതിയിലെ 323-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 513(ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം ചേർത്തത്.

[1][35. (1) 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റിന്റെ പട്ടിക II-ന്റെ 1, 3, 9, 14 ഖണ്ഡികകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, സുനാമി, ഭൂകമ്പം എന്നിവയുടെ രൂപത്തിലുള്ള ദേശീയ ദുരന്തങ്ങളുടെ സന്ദർഭത്തിൽ തൽഫലമായുണ്ടാകുന്ന ഗ്രാമീണ ജനസംഖ്യയുടെ കൂട്ടസ്ഥാനചലനത്തിൽ അങ്ങനെ ബാധിക്കപ്പെട്ടതായ പ്രദേശങ്ങളിലെ ഗ്രാമീണ കുടുംബങ്ങളിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക്—

(i) താൽക്കാലികമായി സ്ഥാനം മാറ്റപ്പെട്ട പ്രദേശത്തെ ഗ്രാമപഞ്ചായത്തിനോടോ പ്രോഗ്രാം ആഫീസറോടോ രജിസ്ട്രേഷന് വേണ്ടിയും പണി കാർഡ് കിട്ടുന്നതിനു വേണ്ടിയും അന്വേഷിക്കാവുന്നതാണ്.

(ii) താൽക്കാലികമായി സ്ഥാനം മാറ്റപ്പെട്ട പ്രദേശത്തെ പ്രോഗ്രാം ആഫീസർക്കോ ഗ്രാമപഞ്ചായത്തിലോ തൊഴിലിനുവേണ്ടി ലിഖിതമോ വാക്കാലോ ഉള്ള അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

(iii) നഷ്ടമോ നാശമോ സംഭവിക്കുന്നതിൻമേൽ പണി കാർഡിന്റെ പുനർ രജിസ്ട്രേഷനും വീണ്ടും നൽകലിനും വേണ്ടി അപേക്ഷിക്കാവുന്നതാണ്.

(2) സാധാരണ സ്ഥിതിയുടെ പുനഃസ്ഥാപനം സംഭവിക്കുന്നതിൻമേൽ, അപ്രകാരം വിതരണം ചെയ്ത പണി കാർഡുകൾ ആദ്യവാസസ്ഥലത്ത് വീണ്ടും എൻഡോഴ്സ് ചെയ്യപ്പെടേണ്ടതും അസ്സൽ പണി കാർഡ് വീണ്ടെടുക്കപ്പെട്ടതിൻമേൽ ഒന്നിച്ച് കൂട്ടിച്ചേർക്കേണ്ടതുമാണ്.

(3) ഒരു കുടുംബത്തിന് ഉറപ്പാക്കിയിട്ടുള്ള തൊഴിലിന്റെ 100 ദിവസങ്ങൾ കണക്കാക്കുമ്പോൾ അപ്രകാരം നൽകപ്പെട്ട തൊഴിൽ ദിനങ്ങൾ എണ്ണത്തിലെടുക്കേണ്ടതാണ്.]

[2] [36. സ്വമേധയാ നടപടിക്കെടുത്തതും ആക്റ്റിന്റെയോ അതിന്റെ പട്ടികയുടെയോ കീഴിൽ മറ്റ് വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം ലഭിച്ചതുമായ പരാതികൾ താഴെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതാണ്:—

(ക) പ്രോഗ്രാം ഓഫീസർ ഓരോ പരാതിയും അദ്ദേഹം വച്ചുപോരുന്ന ഒരു പരാതി രജിസ്റ്ററിൽ ചേർക്കേണ്ടതും തീയതിയും നമ്പരുമുള്ള കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്.

(ഖ) 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സ്ഥലപരിശോധനയും ഇൻസ്പെക്ഷനും തീർപ്പാക്കലും വഴി അന്വേഷണം പൂർത്തിയാക്കേണ്ടതാണ്.

(ഗ) പ്രോഗ്രാം ഓഫീസറുടെ അധികാരിതയ്ക്കുള്ളിൽ വരുന്നതായ പരാതികൾ, ഒരു ഗ്രാമപഞ്ചായത്തിനാലുള്ള ആക്റ്റിന്റെ നടപ്പാക്കൽ സംബന്ധിച്ച ഏതെങ്കിലും പരാതികൾ ഉൾപ്പെടെ, ആക്റ്റിന്റെ 23 (6)-ാം വകുപ്പിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം 7 ദിവസങ്ങൾക്കകം പ്രോഗ്രാം ആഫീസർ തീർപ്പാക്കേണ്ടതാണ്. ഒരു പരാതി മറ്റേതെങ്കിലും അധികാരസ്ഥാനത്താൽ പരിഹരിക്കപ്പെടേണ്ട കാര്യവുമായി ബന്ധപ്പെട്ടിരിക്കുന്ന സംഗതിയിൽ, പ്രോഗ്രാം ആഫീസർ ഒരു പ്രാഥമിക അന്വേഷണം നടത്തേണ്ടതും പരാതിക്കാരനെ അറിയിച്ചുകൊണ്ട് 7 ദിവസങ്ങൾക്കകം അങ്ങനെയുള്ള അധികാരസ്ഥാനത്തിന് സംഗതി റഫർ ചെയ്യേണ്ടതുമാണ്.

[1] 2008 സെപ്റ്റംബർ മാസം 11-ാം തീയതിയിലെ 1278-ാം നമ്പർ ഭാരത അസാധാരണ ഗസറ്റിലെ എസ്. ഒ. 2188(ഇ) നമ്പർ വിജ്ഞാപനം പ്രകാരം പകരം കൂട്ടിച്ചേർത്തത്.

[2] 2008 ഡിസംബർ മാസം 31-ാം തീയതിയിലെ 1827-ാം നമ്പർ ഭാരത ഗസറ്റിലെ എസ്. ഒ. 2999(ഇ) നമ്പർ വിജ്ഞാപനം പ്രകാരം കൂട്ടിച്ചേർത്തത്.

(ഘ) 7 ദിവസങ്ങൾക്കകം ഒരു പരാതി തീർപ്പാക്കുന്നതിലുള്ള പ്രോഗ്രാം ആഫീസറുടെ വീഴ്ചയെ ആക്റ്റിന്റെ 25-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമായ ഒരു ലംഘനമായി കരുതപ്പെടേണ്ടതാണ്. അങ്ങനെയുള്ള വീഴ്ചയ്ക്ക് എതിരെയുള്ള പരാതികൾ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററെ ബോധിപ്പിക്കേണ്ടതാണ്.

(ങ) സാമ്പത്തിക ക്രമക്കേടുകളെ സംബന്ധിച്ച് പ്രഥമദൃഷ്ട്യാ തെളിവുള്ള സംഗതിയിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഒരു പ്രഥമ വിവര റിപ്പോർട്ട് ഫയൽ ചെയ്തു എന്ന് ഉറപ്പാക്കേണ്ടതാണ്.

(ച) സംസ്ഥാന സർക്കാർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ/പ്രോഗ്രാം ആഫീസർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും അധികാര സ്ഥാനത്തിന് അതിന്റെ സ്വന്തം ഇഷ്ടപ്രകാരമോ റഫറൻസ് മുഖേനയോ ഏതെങ്കിലും പരാതി അന്വേഷിക്കാവുന്നതും കുറ്റസ്ഥാപനത്തിൻമേൽ ബന്ധപ്പെട്ട അപരാധിക്ക് എതിരായി 25-ാം വകുപ്പ് പ്രകാരം പിഴശിക്ഷ ചുമത്തുന്നതുമാണ്.

(ഛ) അവകാശങ്ങളുടെ ലംഘനം ബന്ധപ്പെട്ട അധികാരസ്ഥാനം കണ്ടെത്തുന്ന സംഗതിയിൽ, സങ്കടക്കാരനായ വ്യക്തിയെ/കക്ഷിയെ അറിയിക്കുന്നതിനും പരിഹരിക്കുന്നതിനും അതിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണ്. ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് ഒരാഴ്ചയ്ക്കുള്ളിലും 15 ദിവസത്തിൽ കവിയാതെയും അങ്ങനെയുള്ള സങ്കടപരിഹാരത്തിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണ്.

(ജ) എടുത്ത നടപടി പരാതിക്കാരനെ അറിയിക്കേണ്ടതും മൂന്ന് മാസത്തിലൊരിക്കൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള രൂപത്തിൽ രണ്ട് പ്രാദേശിക ഭാഷയിലുള്ള വർത്തമാന പത്രങ്ങളിൽ വെളിപ്പെടുത്തേണ്ടതുമാണ്.

(ഝ) പ്രോഗ്രാം ആഫീസർക്കും ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്കും ലഭിച്ച പരാതികളിൻമേൽ എടുത്ത നടപടി യഥാക്രമം മദ്ധ്യതലപഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും യോഗങ്ങളുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

(ഞ) ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവുകൾക്ക് എതിരെയുള്ള അപ്പീലുകൾ പ്രോഗ്രാം ആഫീസർക്ക് നൽകേണ്ടതാണ്. പ്രോഗ്രാം ആഫീസറുടെ ഉത്തരവുകൾക്ക് എതിരെയുള്ളവ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്കും, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് എതിരെയുള്ളവ സംസ്ഥാന കമ്മീഷണർ (എൻ. ആർ. ഇ. ജി. എസ്.)-ക്കും, ഡിവിഷണൽ കമ്മീഷണർ (എൻ. ആർ. ഇ. ജി. എസ്.)-ക്കും സംസ്ഥാന പരാതി പരിഹാര ആഫീസർക്കും നൽകാവുന്നതാണ്.

(ട) എല്ലാ അപ്പീലുകളും ഉത്തരവ് പുറപ്പെടുവിച്ച് 45 ദിവസങ്ങൾക്കകം നൽകേണ്ടതാണ്.

(ഠ) എല്ലാ അപ്പീലുകളും ഒരു മാസത്തിനകം തീർപ്പാക്കേണ്ടതാണ്.]

# THE MAHATMA GANDHI NATIONAL RURAL EMPLOYMENT GUARANTEE ACT, 2005

**(ACT No. 42 of 2005)**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പാക്കൽ ആക്റ്റ്, 2005**

**(2005-ലെ 42-ാം നമ്പർ ആക്റ്റ്)**

## *GLOSSARY*

| | | | |
|---|---|---|---|
| 1. Disadvantaged groups | — | പ്രതികൂലാവസ്ഥയിലുള്ള വിഭാഗങ്ങൾ | Sn. 10(3)(d) |
| 2. Disentitlement | — | അനർഹത | Sn. 9 (Marginal heading) |
| 3. Grievance redressal mechanism | — | സങ്കട നിവാരണ സംവിധാനം | Sn. 19 |
| 4. Implementing agency | — | നടപ്പാക്കുന്ന ഏജൻസി | Sn. 2 (g) |
| 5. Unskilled manual work | — | അവിദഗ്ധ കൈവേല | Sn. 2 (r) |
| 6. Water harvesting | — | ജലക്കൊയ്ത്ത് | Schedule 1 Para 1 (i) |